# വേദാഭിമാനി

14th YEAR

Vol.14 No.5 കാർത്തികപ്പള്ളി R.No. 7361/02 2014 MAY

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

e-paper : vedabhimani


## വെടിയുണ്ടയിൽ നിന്ന് രക്ഷിച്ചത് ബൈബിൾ



ബൈബിൾ പോക്കറ്റിൽ സൂക്ഷിക്കാൻ തോന്നിച്ചതിനു ദൈവത്തോട് നന്ദി പറയുകയാണു ബസ് ഡ്രൈവറായ റിക്കി വാഗൊനെർ. ട്രോട്ട്വുഡ് സ്വദേശിയായ ഇദ്ദേഹം അടുത്തിടെയാണ് ആക്രമിക്കപ്പെട്ടത്. ബസ് തട്ടിയെടുക്കുകയായിരുന്നു അക്രമികളുടെ ലക്ഷ്യം. റിക്കിയെ വെടിവെച്ചു വീഴ്ത്തിയ ശേഷം ബസ് പിടിച്ചെടുക്കാനാണു സംഘം ശ്രമിച്ചത്. ആദ്യ വെടി കാലിലാണു കൊണ്ടത്. തുടർന്നു നെഞ്ചിനു നേരെ രണ്ടുതവണ വെടി ഉതിർത്തു. എന്നാൽ വെടിയുണ്ടകൾ പോക്കറ്റിൽ സൂക്ഷിച്ച ബൈബിളിലാണു തറച്ചത്. അപശബ്ദം ഉണ്ടായതിനെ തുടർന്നു പരിശോധന നടത്തുന്നതിനു ബസ് നിർത്തിയപ്പോഴാണ് അക്രമികൾ ഫോർഡ് കാറിൽ എത്തിയത്.

# ബൈക്കിനും അന്ത്യനിദ്ര

നിന്നോടുള്ള എന്റെ സ്നേഹം മരണം വരെ തുടരുമെന്ന് ഏറെ ഇഷ്ടമുള്ളവർ പരസ്പരം പറയാറുള്ളതാണ്. എന്നാൽ മരണം കഴിഞ്ഞും നിന്നോടുള്ള സ്നേഹം തുടരുമെന്നും അതിനാൽ നിന്നെ ഞാൻ മരിക്കുമ്പോൾ ഒപ്പം കൊണ്ടുപോകുമെന്നും ആരും പറയാറില്ല. അങ്ങനെ ആരെങ്കിലും പറഞ്ഞാലും അത് കേൾക്കുന്നവർക്ക് എത്രത്തോളം ഇഷ്ടമാകുമെന്നും ഉറപ്പില്ല. പക്ഷെ, തന്റെ ഇഷ്ടഭാജനത്തെ മരണത്തിനൊപ്പം കൂട്ടിക്കൊണ്ടുപോയി വാർത്തകളിൽ നിറഞ്ഞിരിക്കുകയാണ് അമേരിക്കക്കാരൻ ബിൽസ്റ്റാൻഡ്‌ലി.

ഒഹായോ സ്വദേശിയായ സ്റ്റാൻഡ്‌ലി, 82-ാം വയസിൽ മരിച്ചപ്പോൾ തനിക്കൊപ്പം കൊണ്ടുപോയ ആ ഇഷ്ടഭാജനം മറ്റൊന്നുമായിരുന്നില്ല; തനിക്ക് ഏറെ പ്രിയപ്പെട്ട ഹാർലി ഡേവിഡ്സൺ ബൈക്ക്. സ്റ്റാൻഡ്‌ലി യും 1967 -ൽ നിർമിക്കപ്പെട്ട ബൈക്കുമായി ഇഴപിരിയാനാകാത്ത ബന്ധമാണുണ്ടായിരുന്നത്. ശ്വാസകോശ കാൻസർ രോഗത്തെ തുടർന്നാണ് ബിൽ സ്റ്റാൻഡ്‌ലി മരണമടഞ്ഞത്. തന്റെ അന്ത്യാഭിലാഷമായി സ്റ്റാൻഡ്‌ലി പറഞ്ഞത് ഇത്ര മാത്രം; തന്റെ ദേഹം സംസ്കരിക്കുന്നതിനൊപ്പം തന്റെ പ്രിയപ്പെട്ട ഹാർലി ഡേവിഡ്സൺ ബൈക്കും സംസ്ക്കരിക്കണം.

അന്ത്യാഭിലാഷം നിറവേറ്റാതെ പറ്റുമോ. പക്ഷേ ഈ ആഗ്രഹ പൂർത്തീകരണത്തിനു കുടുംബാംഗങ്ങൾ ഏറെ കഷ്ടപ്പെട്ടുവെന്നാതാണു സത്യം. ബൈക്ക് സ്റ്റാൻഡ്‌ലിയുടെ ദേഹത്തിനൊപ്പം സംസ്കരിക്കുവാൻ സെമിത്തേരിയുടെ വലിയൊരു ഭാഗം സ്ഥലം വാങ്ങേണ്ടിവന്നു. സീറ്റിൽ ഇരിക്കുന്ന രീതിയിലാണു മൃതദേഹം സംസ്കരിച്ചത്.



ബൈക്കിനെയും സ്റ്റാൻഡ്‌ലിയെയും പച്ച നിറത്തിലുള്ള ഗ്ലാസ് പേടകത്തിനുള്ളിലാക്കി സംസ്കരിക്കുകയായിരുന്നു. ഈ പേടകവും സ്റ്റാൻഡ്‌ലി തന്നെ പണികഴിപ്പിച്ചതായിരുന്നുവെന്നതാണ് ഏറെ രസകരം. പിതാവു പറഞ്ഞതനുസരിച്ച് മക്കൾ പണിതു നൽകിയതാണ് ഈ പെട്ടി. തന്നെ കാണാൻ ആരു വീട്ടിലെത്തിയാലും ഈ പെട്ടി സ്റ്റാൻഡ്‌ലി കാണിച്ചുകൊടുക്കുമായിരുന്നു. താൻ മരിച്ചു സ്വർഗത്തിലേക്കു ബൈക്കിൽ പോകുന്നത് ആളുകൾ കാണണമെന്ന ആഗ്രഹം കൊണ്ടാണത്രേ അദ്ദേഹം ചില്ലുപേടകവും നിർമിച്ചത്. ഇങ്ങനെ ലോകത്തേയും ലോകത്തിലുള്ളതിനേയും കൂട്ടുപിടിച്ച് സ്വർഗ്ഗത്തിൽ പോകാനിരിക്കുന്ന കാര്യവിവരമില്ലാത്ത ക്രിസ്ത്യാനികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

# രണ്ടുവയസുകാരന്റെ സ്കേറ്റിംഗ്

ഏറെ ശ്രദ്ധയോടെ, ക്ഷമയോടെ പഠിച്ചെടുക്കേണ്ട ഒരു അഭ്യാസമാണ് സ്കേറ്റിംഗ്. എന്നാൽ സമപ്രായക്കാരായ കുട്ടികൾ പിച്ചവച്ചു നടക്കാൻ പഠിക്കുന്ന പ്രായത്തിൽ സ്കേറ്റിംഗ് ബോർഡിൽ കയറിനിന്ന് സ്കേറ്റിംഗ് നടത്തി പറക്കുന്ന രണ്ടുവയസുകാരന്റെ വീഡിയോ ഇപ്പോൾ യൂട്യൂബിൽ ഹിറ്റായി മാറിയിരിക്കുന്നു.

ഓസ്ട്രേലിയയിലെ വിക്ടോറിയയിലുള്ള കഹ്ലെയ്സ്റ്റോൺ കെല്ലി എന്ന രണ്ടുവയസുകാരന്റെ സ്കേറ്റിംഗ് പ്രകടനമാണ് ഇപ്പോൾ ലോകമെമ്പാടുമുള്ള യൂട്യൂബ് പ്രേക്ഷകർ കണ്ടാസ്വദിക്കുന്നത്.

നാലു വീലുകളുള്ള സ്കേറ്റ് ബോർഡിലെ രണ്ടു വീലുകളിൽ ബാലൻസ് ചെയ്ത് നിൽക്കുന്ന അത്ഭുതപ്രകടനവും വീഡിയോയിൽ കാണാം. മാസങ്ങൾക്കു മുമ്പേ സ്കേറ്റിംഗ് പഠനം തുടങ്ങിയ കഹ്ലെയുടെ സ്കേറ്റിംഗ് പ്രകടനത്തിന് ഏറെ ആരാധകരെയും ലഭിച്ചുകഴിഞ്ഞു. പലരും അത്ഭുതം പ്രകടിപ്പിച്ചാണു



കമന്റുകൾ ഇട്ടിരിക്കുന്നത്. നാപ്പിയുമിട്ട് സ്കേറ്റിംഗ് നടത്തുന്ന കഹ്ലെയിയെ അതിന് അനുവദിച്ച മാതാപിതാക്കളെ ചിലർ വിമർശിക്കുന്നുമുണ്ട്.

## ഇരുട്ടിൽ ഇരുന്നു ചിന്തിക്കുക



മികച്ച തീരുമാനം വേണോ? ഇരുട്ടിലിരുന്നു ചിന്തിക്കുക. ടൊറൊന്റോ സ്കാർബൊറൗഗ് സർവകലാശാലയിലെ ഗവേഷകരുടേതാണ് ഉപദേശം. വെളിച്ചം ഏകാഗ്രത നശിപ്പിക്കുമെന്നാണു പഠനം വ്യക്തമാക്കുന്നത്. അലിസൺ ജിംഗ് സുവാണ് പഠനത്തിനു നേതൃത്വം നൽകിയത്. അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ ഇവയാണ്. മങ്ങിയ വെളിച്ചമാണു ചർച്ചകളിൽ മികച്ച തീരുമാനം ഉണ്ടാകാൻ നല്ലത്. അമിതവികാര പ്രകടനങ്ങൾ മങ്ങിയ വെളിച്ചത്തിൽ എതിർപക്ഷം കാണില്ല എന്നുള്ളതാണ് അനുകൂല ഘടകം. വിവാഹമോതിരം, വസ്ത്രം എന്നിവ തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ വെളിച്ചം ഉണ്ടാകുന്നതാണു നല്ലത്. തീരുമാനങ്ങൾക്ക് ഉച്ചകഴിഞ്ഞുള്ള സമയമാണു മികച്ചതെന്നും അദ്ദേഹം പറയുന്നു.

# ആരും മരിക്കില്ല ആ രഹസ്യം കണ്ടെത്തിയാൽ



മരണത്തെ തോൽപ്പിക്കാൻ ശാസ്ത്രജ്ഞർ സൂക്ഷ്മ ജീവിക്കു പിന്നാലെ. 46 ജീവിവർഗങ്ങളെ നിരീക്ഷിച്ച ശേഷമാണു ദക്ഷിണ ഡെൻമാർക്ക് സർവകലാശാലയിലെ ഗവേഷകർ ഹൈഡ്ര മഗ്നിപാപിലേറ്റ എന്ന സൂക്ഷ്മജീവിയെക്കുറിച്ചു പഠിക്കാൻ തീരുമാനിച്ചത്. ഈ ജീവിയുടെ ജീനുകൾ മരണത്തെ തോൽപിക്കാൻ സഹായിക്കുമെന്നാണു പ്രതീക്ഷ. ശുദ്ധജലതടാകങ്ങളിൽ കാണപ്പെടുന്ന ജീവിയാണു മഗ്നിപാപിലേറ്റ. 10 മില്ലീമീറ്റർ മാത്രമാണ് ഈ ജീവിക്കു നീളം. പ്രായത്തിന്റെ ആക്രമണം ഇല്ലാത്തതാണ് ഇതിന്റെ പ്രത്യേകത. പ്രായമേറുന്നതനുസരിച്ചു കോശങ്ങളുടെ നാശവും ഉണ്ടാകുന്നില്ല. പ്രായം കൂടുന്നതനുസരിച്ചു കരുത്തേറുന്ന ഓക് മരങ്ങളും ആയുർ ദൈർഘ്യം കൂടുതലുള്ള ആമകളും നിരീക്ഷണത്തിൽ ഉണ്ടായിരുന്നു. എന്നാൽ പ്രായം കൂടുന്തോറും മരണസാധ്യത കുറയുന്ന മഗ്നിപാപിലേറ്റയുടെ ജീനുകളുടെ രഹസ്യം തിരിച്ചറിഞ്ഞാൽ മനുഷ്യൻ മരണത്തെ തോൽപിക്കുമെന്നാണു ഗവേഷകരുടെ വിശ്വാസം.


## എന്റെ സ്നേഹിതൻ നിങ്ങളുടെയും
– ടൈറ്റസ് കാർത്തികപ്പള്ളി

ജനലക്ഷങ്ങൾ ഹൃദയപൂർവ്വം ഏറ്റുവാങ്ങിയ അക്രൈസ്തവർ പോലും അതിമനോഹരമെന്ന് വിശേഷിപ്പിച്ച ലളിത സുന്ദരമായ സ്നേഹസന്ദേശം



## ശാസ്ത്രം – ചരിത്രം – മതം – ക്രിസ്തു
– ടൈറ്റസ് കാർത്തികപ്പള്ളി

ദൈവമുണ്ടെന്നും മരണാനന്തര ജീവിതവും ന്യായവിധിയും യാഥാർത്ഥ്യമാണെന്നും തെളിയിക്കുന്ന ഏക ബൈബിൾ – ശാസ്ത്ര ഗ്രന്ഥം



## അനുഗ്രഹം
– ടൈറ്റസ് കാർത്തികപ്പള്ളി

സമൃദ്ധി, സമ്പത്ത്, ഭൗതീകാനുഗ്രഹങ്ങൾ വചനവിരുദ്ധം എന്ന് തിരുവചന വെളിച്ചത്തിൽ സമർത്ഥിക്കുന്ന പ്രസംഗം








| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.150 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |



# വിലപേശി വിൽക്കുന്ന സ്നേഹം

റോമിൽ ജീവിച്ചിരുന്ന ആൻഡ്രോക്ലിസ് വലിയ കുറ്റവാളിയും അധാർമിക ജീവിതത്തിന്റെ ഉടമയുമായിരുന്നു. പെട്ടെന്നൊരു ദിനം അയാളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. കുറ്റകൃത്യങ്ങൾ ഉപേക്ഷിച്ച് അയാൾ ധാർമിക ബോധമുള്ളവനായി മറ്റുള്ളവരെ സ്നേഹിക്കാനും അവരോടു കാരുണ്യം കാട്ടാനും തുടങ്ങി.

ഈ മനംമാറ്റം റോമാക്കാർക്കു തീരെ രസിച്ചില്ല. അവർ അദ്ദേഹത്തെ ആട്ടിയോടിച്ചു. ജീവനുംകൊണ്ടോടിയ അയാൾ ചെന്നെത്തിയത് കാട്ടിൽ.

'പട പേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തംകൊളുത്തിപ്പട' എന്നു പറഞ്ഞതുപോലെ കാട്ടിലെത്തിയ അയാൾ ചെന്നുപെട്ടത് ഒരു സിംഹത്തിന്റെ മുമ്പിൽ. അത്ഭുതമെന്നു പറയട്ടെ സിംഹം അയാളെ ഉപദ്രവിച്ചില്ല. പകരം ഞൊണ്ടിഞൊണ്ടി അയാളുടെ അടുത്തേക്കു ചെന്നു. ഞരങ്ങിക്കൊണ്ട് കൈ ഉയർത്തിക്കാണിച്ചു. കൈയിൽ മുള്ളുതറച്ച് പഴുത്ത് നീരുവച്ചിരുന്നു. അയാൾ മറ്റൊന്നും ചിന്തിച്ചില്ല. സിംഹത്തിന്റെ കൈയിൽ മെല്ലെ പിടിച്ചു മുള്ള് വലിച്ചെടുത്തു പതുക്കെ ഞെക്കി പഴുപ്പു കളഞ്ഞു. സിംഹത്തിന് ആശ്വാസമായി.

അപ്പോഴേക്കും റോമാപട്ടാളം ആൻഡ്രോയെ തെരഞ്ഞ് കാട്ടിലെത്തിയിരുന്നു. ആൻഡ്രോ അവിടെനിന്ന് ഓടി. അധികം ചെല്ലുന്നതിനുമുമ്പുതന്നെ അയാൾ തളർന്ന് പട്ടാളത്തിന്റെ പിടിയിലായി.

അതോടൊപ്പം വഴിയിൽ കണ്ട സിംഹത്തെയും പട്ടാളക്കാർ കസ്റ്റഡിയിലാക്കി. കൊട്ടാരത്തിലെത്തി ആൻഡ്രോയ്ക്കു റോമാക്കാർ കടുത്ത ശിക്ഷ വിധിച്ചു. അയാളെ സിംഹത്തിന് ഇരയായി കൊടുക്കാൻ തീർച്ചയാക്കി.

ദിവസങ്ങളായി തീറ്റ കൊടുക്കാത്ത സിംഹത്തിന്റെ കൂടിനു മുമ്പിൽ ആൻഡ്രോയെ നിർത്തി. സിംഹം മനുഷ്യമാംസം പച്ചയോടെ തിന്നുന്നതു കാണാൻ കൗതുകംപൂണ്ട് മനുഷ്യർ ചുറ്റും നിരന്നു. ഉൽക്കണ്ഠ നിറഞ്ഞ നിമിഷങ്ങൾ...

സിംഹക്കൂട് തുറന്നു...

ആർത്തിപൂണ്ട സിംഹം പുറത്തുചാടി, ആൻഡ്രോക്ലിസിനു നേരെ കുതിച്ചു. പെട്ടെന്ന് സിംഹം ഒരു നിമിഷം നിന്നു. ഒന്നു നോക്കി. പിന്നെ പതുക്കെ അയാളുടെ അടുത്തെത്തി. കാലുകൾ നക്കിക്കൊണ്ട് അദ്ദേഹത്തെ ഒട്ടിനിന്നു. ഒരു വളർത്തുനായയെപ്പോലെ! ഇതുകണ്ട് ഭരണകൂടം അമ്പരന്നു. ആൻഡ്രോക്ലിസ് സ്വതന്ത്രനായി...

സ്നേഹിച്ചാൽ, ദയ കാണിച്ചാൽ ക്രൂരമൃഗങ്ങൾ പോലും നമ്മെ തിരിച്ചു സ്നേഹിക്കും, ദയ കാണിക്കും.

ഇവിടെ നമുക്കു ചിന്തിക്കുവാനുള്ളത് ജീവനും ജീവിതവും തന്ന യേശുവിനോട് നാം നന്ദിയുള്ളവരാണോ എന്നതാണ്. അതോ, നമ്മുടെ ജീവിതംകൊണ്ട് യേശുവിനെ നിന്ദിക്കുകയാണോ. ഒരു പുസ്തകവും നല്ല വാക്ചാതുര്യവും ഉണ്ടെങ്കിൽ തടിയനങ്ങാതെ കാശുണ്ടാക്കാൻ പറ്റിയ മാർഗ്ഗമായി ക്രിസ്തുമാർഗ്ഗത്തെ ചിലർ മാറ്റിമറിച്ചു. വിയർപ്പൊഴുക്കാതെ പണം ലഭിച്ച് സുഖിച്ചുവാഴാനാണ് യേശുവിനെ പിൻപറ്റുന്നതെന്നത് ഏറ്റം ലജ്ജാകരമായ വസ്തുതയാണ്. സമ്പത്ത്, സുഖസൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ നേടാനുള്ള ഒരു ഉപാധിയായാണ് അനേകർ യേശുവിനെ കാണുന്നത്. സുവിശേഷം വിൽക്കുകയല്ലാതെ വാങ്ങുന്നില്ലല്ലോ. വീണ്ടെടുത്ത രക്തത്തെ വിലപേശി വിൽക്കുന്നു. നമ്മെ സ്നേഹിച്ച് പരിപാലിച്ച് വഴിനടത്തുന്ന യേശുവിനെ ചൂഷണം ചെയ്തും മുതലെടുപ്പ് നടത്തിയും വെറും ക്രയവിക്രയവസ്തുവാക്കി മാറ്റി. മൃഗങ്ങൾ പോലും കാണിക്കാത്ത നന്ദികേട്. ഇനിയെങ്കിലും ജീവിതത്തെ തിരുത്താം. ഓരോ ദിവസവും നമുക്ക് യേശുവിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങൾ എണ്ണുവാൻ സാധിക്കണം. അപ്പോൾ യേശുവിനെ സ്നേഹിക്കുവാനും നന്ദി പറയുവാനും ഏറെ സ്നേഹത്തോടെ പ്രാർത്ഥിക്കുവാനും അവിടുത്തേക്കുവേണ്ടി പ്രവർത്തിക്കുവാനും സാധിക്കും.

# വാസ്തവം വിസ്മരിച്ചുള്ള ആത്മീയത

ഓസ്ട്രേലിയക്കാരിയായ ഗെയ്ൽ ട്രെഡ്വെൽ എഴുതിയ വിശുദ്ധനരകം എന്ന പുസ്തകത്തെ ച്ചൊല്ലി കേരളത്തിൽ നടക്കുന്ന വിവാദങ്ങൾ ആ പുസ്തകത്തിന്റെ പ്രമേയത്തോടു നീതി പുലർത്തുന്നതല്ല. അതൊരു ആത്മകഥയാണെന്ന വാസ്തവം വിസ്മരിച്ചുകൊണ്ടാണ് പുസ്തകത്തിലെ ചില വെളിപ്പെടുത്തലുകളെ, ആർക്കെങ്കിലും എതിരെയുള്ള ആരോപണങ്ങളായി ചിലരെങ്കിലും ചിത്രീകരിക്കുന്നത്. ആത്മീയാന്വേഷണത്തിന്റെ ഭാഗമായി ഇന്ത്യയിലെത്തിയ ഒരു വിദേശവനിത, തന്റെ രണ്ടു പതിറ്റാണ്ടുകാലത്തെ ആശ്രമജീവിതത്തെക്കുറിച്ച് പകയോ വിദ്വേഷമോ ഇല്ലാതെ വിവരിക്കുന്ന അവിശ്വസനീയമായ ഈ ആത്മകഥ ഒരസംബന്ധ നോവൽ പോലെ വിചിത്രവും വിസ്മയകരവുമാണ്. മറ്റാരെയെങ്കിലും കുറ്റപ്പെടുത്തുകയല്ല, തന്റെ തന്നെ വിഡ്ഢിത്തങ്ങളെയും സഹനങ്ങളെയും നിസംഗതയോടെയും നർമത്തോടെയും ആഖ്യാനം ചെയ്യുകയാണ് ഗ്രന്ഥകാരി. ഇരുപതുവർഷം താൻ സേവിച്ച ആശ്രമത്തെക്കുറിച്ചും അവിടുത്തെ വ്യക്തികളെക്കുറിച്ചുമുള്ള പരാമർശങ്ങളിൽ ഒരിടത്തും കുറ്റാരോപണത്തിന്റെ ലാഞ്ചനപോലുമില്ല. ആശ്രമത്തിലെ പ്രധാനിയായ ഒരു സന്യാസിയുടെ ബലാത്സംഗത്തെക്കുറിച്ചുപോലും പരാതിയുടെ സ്വരത്തിലല്ല സംസാരിക്കുന്നത്. പിന്നിട്ട ദുരനുഭവങ്ങളെ നിസംഗമായി ഓർത്തെടുക്കുക മാത്രമാണ് ഗെയ്ൽ. ആത്മപീഡനത്തിലൂടെ ആത്മീയാനുഭൂതിയിൽ എത്തിച്ചേരാമെന്ന് തെറ്റിദ്ധരിച്ച നിഷ്കളങ്കയായ ഒരു യുവതിയുടെ സത്യസന്ധമായ സഹനകഥയാണിത്. പരനിന്ദയല്ല, ആത്മപരിഹാസമാണ് ഈ ആത്മകഥയുടെ സവിശേഷത. എന്നിട്ടും അതിനെതിരെ വാളെടുക്കുന്നവരുടെ താൽപര്യം വ്യക്തമാണ്. സത്യം മൂടിവെക്കുക എന്നതാണത്.

പൗരസ്ത്യചിന്തകളിലും വിവിധങ്ങളായ ഇന്ത്യൻ മതദർശനങ്ങളിലും തത്വചിന്തയിലും, ആത്മീയതയായി കരുതപ്പെടുന്ന ആചാരാനുഷ്ഠാനങ്ങളിലും അന്ധവിശ്വാസങ്ങളിലും ആൾദൈവങ്ങളിലും ആകൃഷ്ടരായി ഇവിടെയെത്തുന്ന വിദേശികളിലേറെയും നിക്ഷിപ്തതാൽപര്യക്കാരായ ആധ്യാത്മികവ്യാപാരികളുടെ കെണിയിലാണ് അകപ്പെടാറുള്ളത്. അവരിലൊരാളാണ് താനെന്ന തിരിച്ചറിവ് നീണ്ട ഇരുപത് വർഷങ്ങൾക്കുശേഷമാണ് ഗെയ്ൽ എന്ന വിദേശവനിതയ്ക്കുണ്ടായതെന്നോർക്കുമ്പോൾ ആരും അമ്പരക്കും. പുസ്തകത്തിലെ വെളിപ്പെടുത്തലുകളേക്കാൾ എന്നെ അമ്പരിപ്പിച്ചത്, സന്യാസിനിയായിരുന്ന ഗ്രന്ഥകാരിയുടെ രണ്ടു പതിറ്റാണ്ടുകാലം നീണ്ട സ്വയംപീഡനോത്സുകമെന്ന് വിശേഷിപ്പിക്കാവുന്ന മനോഭാവമാണ്. ജീവിതത്തെയും പ്രപഞ്ചത്തെയും കുറിച്ചുള്ള ദാർശനികമായ കാഴ്ചപ്പാടില്ലാത്ത ഇത്തരം ദുർബലമനസുകളാണ് അവരോളംതന്നെ നിസാരരായ ഏത് ആൾദൈവങ്ങളുടെയും സമ്പത്ത്. ഭൗതികാസക്തികളോടു വിടപറയാനാഗ്രഹിച്ചും ആത്മീയോൽക്കർഷം തേടിയും എത്തുന്ന പാശ്ചാത്യരിലൂടെയാണ് ഭക്തിയുടെയും ആധ്യാത്മികതയുടെയും പേരിലുള്ള കപടസംഘങ്ങൾ വിദേശരാജ്യങ്ങളിലേക്കു പടരുന്നത്. സായിപ്പിനെയും മദാമ്മയെയും പാദസേവകരായി അരങ്ങിൽ പ്രദർശിപ്പിച്ചുകൊണ്ട് നാടൻ ഭക്തരെ ആകർഷിച്ച് അടിമകളാക്കാനും ഇക്കൂട്ടർക്കു കഴിയുന്നുണ്ട്.

മതത്തിന്റെയും ആത്മീയതയുടെയും ജീവകാരുണ്യപ്രവർത്തനങ്ങളുടെയും മറ്റും മറവിൽ പടർന്നു പന്തലിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ വെറും കച്ചവടകേന്ദ്രങ്ങൾ മാത്രമല്ല, പലതരം വർഗീയതകളുടെയും വളർത്തുകേന്ദ്രങ്ങൾകൂടിയാണ്. എല്ലാ മതങ്ങളുടെയും മറവിൽ ഇതുപോലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അത്ഭുതരോഗശാന്തി ശുശ്രൂഷകൾപോലുള്ള തട്ടിപ്പുകളിലൂടെ മുതലെടുപ്പുനടത്തുന്ന ന്യൂജനറേഷൻ സഭകൾ പുരോഗമനകേരളത്തിലും സജീവമാണ്.

മതസ്വാതന്ത്ര്യത്തിന്റെ പേരിൽ വിവിധമതസ്ഥാപനങ്ങൾ നടത്തുന്ന പലതരം അതിക്രമങ്ങൾക്കും നിയമലംഘനങ്ങൾക്കും നേരെ ഭരണകൂടങ്ങളും കണ്ണടയ്ക്കാറാണു പതിവ്. വാസ്തവത്തിൽ, മതേതരത്വം എന്ന ഭരണഘടനാസങ്കൽപ്പത്തെ അട്ടിമറിച്ചു വിവിധമതങ്ങളുടെ ആധിപത്യം ഉറപ്പിക്കാനുള്ള നീക്കങ്ങൾക്കാണ് രാഷ്ട്രീയപ്പാർട്ടികളും ഭരണകൂടങ്ങളും കൂട്ടുനിൽക്കുന്നത്. മതേതര-ജനാധിപത്യത്തെ വർഗീയതയുടെ വിളഭൂമിയാക്കുന്ന ഈ പ്രവണതയ്ക്കെതിരെ പുരോഗമനപ്രസ്ഥാനങ്ങളും പ്രതികരിക്കുന്നില്ല.

ഗെയിലിന്റെ ആത്മകഥ ഒരു ഭക്തയുടെയും മുൻ സന്യാസിനിയുടെയും അനുഭവ വിവരണം മാത്രമാണ്. 1980-ൽ ഏഷ്യൻ രാജ്യങ്ങളിൽ തീർത്ഥാടനത്തിന് പുറപ്പെട്ട ഗെയ്ൽ ട്രെഡ്വെൽ തിരുവണ്ണാമലയിലെ രമണമഹർഷിയുടെ ആശ്രമത്തിലാണ് ആധ്യാത്മികാന്വേഷണം തുടങ്ങിയത്. രമണമഹർഷിയെപ്പോലെ ഒരു ദാർശനികന്റെ ആശ്രമം ഉപേക്ഷിച്ചാണ് ഈ മദാമ്മ, ആത്മീയമായ ഔന്നത്യവും മോക്ഷവും തേടി കേരളത്തിലെ ഒരു മുക്കുവക്കുടിയിൽ ദാസിയായെത്തിയതെന്നതാണ് വിചിത്രം.

തത്വാന്വേഷണവും സത്യാന്വേഷണവുമായെത്തുന്നവരെ കെണിയിലകപ്പെടുത്താൻ തക്കംപാർത്തിരിക്കുന്നവർ എവിടെയുമുണ്ട്. തിരുവണ്ണാമലയിൽവെച്ച് യാദൃശ്ചികമായി പരിചയപ്പെട്ട മലയാളിയായ ഒരു ഭക്തനാണ് ഗെയ്ലിനെ ദാസീപദത്തിലേക്ക് തന്ത്രപരമായി നയിച്ചത്.

ഒരു കടലോരഗ്രാമത്തിന്റെയും ഗ്രാമീണരുടെയും സത്യസന്ധമായ ചിത്രമാണ് ഗെയ്ൽ പുസ്തകത്തിന്റെ ആദ്യഭാഗത്ത് വരച്ചിടുന്നത്. കടലോരത്തെ കുടിലിൽനിന്ന് വളർന്ന ഒരു മഠത്തിന്റെയും അതിന്റെ അധിപയുടെയും പരിണാമകഥയ്ക്ക് മൂകസാക്ഷിയായ വിദേശവനിതയുടെ ഈ അനുഭവ വിവരണം, അതെഴുതിയ സ്ത്രീയുടെ നിഷ്കളങ്കതയെയാണ് വെളിപ്പെടുത്തുന്നത്. ശരാശരിയോളമെത്തുന്ന ദാർശനികബോധമോ സാമാന്യവിദ്യാഭ്യാസമോ പോലും ഇല്ലാത്ത ഒരു ഗ്രാമീണയുവതിയെ ഗുരുവായി സങ്കൽപ്പിച്ച് പരിചരിക്കുന്നതിലൂടെ ആത്മീയപൂർത്തി കൈവരിക്കാമെന്ന് കരുതിയ മദാമ്മയുടെ മാനസികാവസ്ഥയോട് വായനക്കാർക്ക് സഹതാപമാണ് തോന്നുക. മാനസികാടിമത്തത്തിന്റെ പാരമ്യതയാണത്.

ഒരു വ്യക്തി ആൾദൈവമായി രൂപാന്തരപ്രാപ്തി നേടുന്നതിന്റെയും ഒരു മുക്കുവക്കുടിൽ രാജ്യാന്തരതലത്തിൽ കോടികളുടെ ആസ്തിയും ലക്ഷക്കണക്കിന് അനുയായികളുമുള്ള സാമ്രാജ്യമായി വളർന്നതിന്റെയും അതിശയോക്തിയില്ലാത്ത ദൃക്സാക്ഷിവിവരണമാണ് ഗെയ്ലിന്റെ മനോഹരമായ പുസ്തകം. നമ്മുടെ സമൂഹത്തിന്റെ കാപട്യങ്ങളിലേക്കും ആധ്യാത്മിക കച്ചവടത്തിന്റെ ഉള്ളറകളിലേക്കും വെളിച്ചംവീശുന്ന ഒരു രേഖയുമാണത്.

പ്രസിദ്ധീകൃതമായ ഒരു പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് അതിന് പശ്ചാത്തലമായ കേരളത്തിൽ ചർച്ചയുണ്ടാവുന്നത് സ്വാഭാവികമാണ്. എന്നാൽ കേരളത്തിലെ ഭൂരിപക്ഷം മുഖ്യധാരാ മാധ്യമങ്ങളും ആ ചർച്ചയെ തമസ്കരിക്കുകയായിരുന്നു. റിപ്പോർട്ടർ, ഇന്ത്യാവിഷൻ എന്നീ ചാനലുകളും മംഗളം, മാധ്യമം എന്നീ ദിനപത്രങ്ങളും മാത്രമാണ് ഇതേക്കുറിച്ച് ചർച്ചചെയ്യാൻ ധൈര്യം പ്രകടിപ്പിച്ചത്. മതവികാരം ഇളക്കിവിടാനാണ് ഈ ചർച്ചയെന്ന മതനേതാക്കളുടെ പ്രസ്താവനകൾക്ക് പത്രങ്ങൾ ഇടം നൽകുകയും ചെയ്തു.

ആ പുസ്തകത്തെക്കുറിച്ച് സംസാരിക്കുന്നവരെത്തന്നെ ശിക്ഷിക്കുമെന്ന ഭീഷണിയെ, മലയാളികൾ പരമപുച്ഛത്തോടെയേ കാണൂ. മതനേതാക്കളും മന്ത്രിപുംഗവന്മാരും മാധ്യമങ്ങളും ആൾദൈവങ്ങളുമടങ്ങുന്ന മാഫിയാസംഘത്തിനുമുന്നിൽ മലയാളികൾ അവരുടെ ജനാധിപത്യാവകാശങ്ങൾ അടിയറവെക്കുമെന്ന് കരുതുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണ്.

അനന്തനിത്യമായ യാഥാർത്ഥ്യം തേടിയുള്ള ആത്മീയ അന്വേഷണം ഏതു മനുഷ്യനും അനിവാര്യമായ ഒന്നാണ്. അതാകണം യഥാർത്ഥ സത്യാന്വേഷണം. അന്വേഷണത്തിൽ സത്യദൈവത്തെ കണ്ടുമുട്ടാൻ കഴിയണം. യാഥാർത്ഥ്യമെന്നു തോന്നുന്ന മിഥ്യയെ തിരിച്ചറിയാൻ കഴിയണം. വാസ്തവം വിസ്മരിച്ചുള്ള ആത്മീയ അന്വേഷണവും കണ്ടെത്തലും അപകടത്തിൽ കൊണ്ടെത്തിക്കും എന്ന ഗെയ്ൽ ട്രെഡ്വെല്ലിന്റെ അനുഭവം ഏവർക്കും ഒരു പാഠമായിരിക്കട്ടെ.



# ബാലവേദി



## തലതിരിഞ്ഞ ഗുരുക്കന്മാർ

അറിവു പകരുന്നവനാണു ഗുരു. ശിഷ്യന്റെ ജീവിതത്തിൽനിന്ന് അജ്ഞാനമാകുന്ന അന്ധകാരം അകറ്റുന്ന മഹാനുഭാവൻ. മാതാപിതാക്കളെപ്പോലെ വിശ്വസിക്കാവുന്നവനും ആശ്രയിക്കാവുന്നവനും. ഇങ്ങനെ ഗുരുവിനു വിശേഷണങ്ങൾ ഏറെയാണ്. ഈ വിശേഷണങ്ങൾക്കു സർവഥാ യോഗ്യരും അർഹരുമായ ഗുരുക്കന്മാർ ജീവിച്ച നാടാണിത്. ഇന്നും അങ്ങനെയുള്ള ഗുരുക്കന്മാർ ധാരാളമുണ്ട്. എന്നാൽ, അത്തരം ഗുരുക്കന്മാരുടെ പേരിനുപോലും കളങ്കം സൃഷ്ടിക്കുന്ന തരത്തിൽ, ഗുരു പ്രത്യക്ഷ പിശാചാണ് എന്നു വിദ്യാർത്ഥികളെക്കൊണ്ടു ചിന്തിപ്പിക്കുന്നവരുടെ എണ്ണം അതിഭീകരമായി വർധിച്ചുവരികയാണ്. ദൈവമാകേണ്ടവർ പിശാചിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ വിദ്യാലയങ്ങളിലേക്ക് അറിവു തേടിപ്പോകുന്ന പിഞ്ചു കുട്ടികളുടെ ഭാവി എന്തായിരിക്കുമെന്ന് ഊഹിക്കാൻപോലുമാകില്ല.

ഗുരുവിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ഇത്തരം പിശാചുക്കൾക്കു കടുത്ത ശിക്ഷ ഉറപ്പുവരുത്തുകതന്നെ വേണം. അങ്ങനെ മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താൻ രംഗത്തുവരേണ്ടവർ അതിനു തയാറാകുന്നുണ്ടോ എന്ന ചോദ്യം ഞെട്ടിക്കുന്ന യാഥാർഥ്യത്തിലേക്കാണു നമ്മെ കൊണ്ടെത്തിക്കുന്നത്. വിദ്യാർഥികൾ ലൈംഗികമായും മറ്റും പീഡിപ്പിക്കപ്പെടുന്നത് അവരുടെ പെരുമാറ്റത്തിലെ പ്രത്യേകതകളിൽനിന്നു തിരിച്ചറിഞ്ഞ്, അവരോട് കാര്യങ്ങൾ സ്നേഹത്തോടെ ചോദിച്ചറിഞ്ഞ് പീഡകരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനാണു ഹെൽപ് ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഭയംകൊണ്ടും നാണംകൊണ്ടും തിരിച്ചറിവില്ലായ്മകൊണ്ടും മറ്റും കുട്ടികൾ പലപ്പോഴും ഇത്തരം ദുരിതാനുഭവങ്ങൾ വീട്ടുകാരോടുപോലും പറയില്ല. അത്തരം സന്ദർഭങ്ങളിൽ വിദ്യാർഥികൾക്ക് അഭയസ്ഥാനമാകേണ്ടതാണു ഹെൽപ്‌ലൈനുകൾ. സംശയം തോന്നുന്ന ഘട്ടങ്ങളിലെല്ലാം കുട്ടികളെ കൗൺസലിംഗിനു വിധേയരാക്കാൻ ഹെൽപ്‌ലൈനിന്റെ ചുമതലയുള്ള അധ്യാപകർ തയ്യാറാകണം.



## കണ്ടില്ലെന്ന് നടിക്കരുതേ

അമേരിക്കയിലെ ന്യൂ റിച്മണ്ട് എലിമെന്ററി സ്കൂളിലെ കുട്ടികൾ ഫുട്ബോൾ കളിക്കുകയാണ്. അവർ ആരും തന്നെ ഗോളടിക്കാനല്ല ശ്രമിക്കുന്നത്. ബോൾ ദൂരെയിരിക്കുന്ന ഐസക് ഫ്രഡ്മാൻ എന്ന പത്തുവയസ്സുകാരന്റെ അടുത്തേക്ക് തട്ടിക്കൊടുക്കാൻ മത്സരിക്കുകയായിരുന്നു അവർ!

ഡൗൺ സിൻഡ്രോം രോഗം ബാധിച്ച അവന് മറ്റ് കുട്ടികളെപ്പോലെ ഓടാനും കളിക്കാനും കഴിയുമായിരുന്നില്ല. ഐസക്കിന്റെ സന്തോഷം കാണാൻ അവർ കളി മാറ്റി ഐസക്കിനെ തങ്ങൾക്കൊപ്പം കൂട്ടി. അങ്ങനെ കൂട്ടുകാരുടെയും മാതാപിതാക്കളുടെയും അദ്ധ്യാപകരുടേയും ശ്രമഫലമായി ഐസക്കിന് ഇപ്പോൾ സാവധാനത്തിലായാലും മറ്റുള്ളവരെപ്പോലെ എല്ലാം ചെയ്യാൻ സാധിക്കും.




കണ്ടില്ലേ, ഐസക്കിനെ അവന്റെ കൂട്ടുകാർ സഹായിച്ചത്. അതുപോലെ പല കാരണങ്ങൾകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ കൂട്ടുകാരും കണ്ടിട്ടുണ്ടാവും. അവരെയൊന്നും കണ്ടില്ലെന്ന് നടിക്കരുതേ. അവർക്ക് നമ്മളാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണം. അതാണ് ശരിയായ വിദ്യാഭ്യാസം.

## ഫുഡും ഫുട്ടും



ഭക്ഷണത്തിന് ഇംഗ്ലീഷിൽ എന്തു പറയും? സംശയം എന്താ, Food എന്നു പറയും അല്ലേ? പക്ഷേ ഇതെങ്ങനെ ഉച്ചരിക്കും? ഫുഡ് എന്നാണോ? എങ്കിൽ തെറ്റി. ഫൂഡ് എന്നാണ് ശരിയായ ഉച്ചാരണം. ഇനി Foot ball കളിയെപ്പറ്റി പറയാം. Foot ball ലെ Foot പലരും ഫുഡ് എന്നാണ് ഉച്ചരിക്കുന്നത്. പക്ഷേ. അത് ഫുഡ് അല്ല, ഫുട് ആണെന്ന കാര്യം മറക്കല്ലേ.

Food - fu:d (ഫൂഡ്), Foot-fut (ഫുട്)

## ഡയറക്ടർ

സംവിധായകൻ എന്ന വാക്കിന്റെ ഇംഗ്ലീഷ് ചോദിച്ചാൽ എന്താവും ഉത്തരം പറയുക? ഇംഗ്ലീഷിൽ 'ഡയറക്ടർ' എന്നു പറയും എന്നാണോ നിങ്ങൾ ചിന്തിച്ചത്? എന്നാൽ ഉടൻ തിരുത്തിക്കോളൂ. കാരണം Director എന്ന വാക്കിന്റെ ശരിയായ ഉച്ചാരണം ഡിറെക് റ്റ(ർ) എന്നാണ്. 'R' സൈലന്റാണ്.

## മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അവയവം

തുടർച്ച

**മായാത്ത മുറിപ്പാട്** : തൊലിയിൽ ആഴത്തിൽ മുറിവും മറ്റുമുണ്ടായാൽ ഉണങ്ങിക്കഴിയുമ്പോൾ വടുക്കൾ അഥവാ സ്കാർ ഉണ്ടാവാറില്ലേ. ഇത് സാധാരണ ത്വക് കോശങ്ങളല്ല. സ്കാർ സെൽസ് ചേർന്ന് ഉണ്ടാവുന്നതാണ്. ഈ ഭാഗത്ത് രോമകൂപങ്ങൾ ഉണ്ടാവാറില്ല. അന്യവസ്തുക്കളുമായി നിരന്തരസമ്പർക്കത്തിൽ ഏർപ്പെടുന്ന ത്വക്കിലെ ഭാഗങ്ങൾ ഉറച്ച് കട്ടികൂടാറുണ്ട്. ഇതിനെയാണ് നമ്മൾ തഴമ്പ് (callus) എന്നു വിളിക്കുന്നത്.



**മൂക്ക് പൊത്തിക്കോ**: വിയർപ്പിന് യഥാർത്ഥത്തിൽ മണമൊന്നുമില്ല. വിയർപ്പ് ഗ്രന്ഥികൾ പുറംതള്ളുന്ന വിയർപ്പിൽ ത്വക്കിലെ ബാക്റ്റീരിയകൾ പ്രവർത്തിച്ച് വിഘടിക്കുമ്പോഴാണ് മണം ഉണ്ടാകുന്നത്. ഒരു ദിവസം ത്വക്കിൽ നിന്ന് 20 മുതൽ 100 വരെ രോമങ്ങൾ കൊഴിഞ്ഞുപോകാറുണ്ട്. പുറംതൊലിയുടെ ആരോഗ്യവും ഈർപ്പവും നിലനിർത്തുന്നത് ലിപ്പിഡ് ഫാറ്റ് ആണ്. ഡിറ്റർജെന്റുകളുടെയും ആൽക്കഹോളിന്റേയും ഉപയോഗം ഈ കൊഴിപ്പിന്റെ അളവ് കുറയ്ക്കുകയും ത്വക്കിന്റെ ആരോഗ്യം തകരാറിലാക്കുകയും ചെയ്യും.

**ഹയ്യോ, പേടിച്ചേ...**: പേടിക്കുമ്പോഴും തണുക്കുമ്പോഴുമൊക്കെ നമ്മുടെ രോമങ്ങൾ എഴുന്നേറ്റ് നിൽക്കാറില്ലേ? അതിന് കാരണം തൊലിയിലെ pili എന്ന് വിളിക്കപ്പെടുന്ന മസിലുകളാണ്.

# വെറുതെ അല്ല വിവാഹം

കളിയല്ല കല്ല്യാണം; പണ്ടാരോ പറഞ്ഞ ഒരു ചൊല്ലാണിത്. പക്ഷേ, അതു വളരെ അർഥവത്താണ്. ഇതൊരു തമാശയല്ല. ഭാവി ജീവിതത്തിലെ സുഖദുഃഖങ്ങൾക്കും സന്തോഷസന്താപങ്ങൾക്കും, ശാന്തിക്കും സമാധാനത്തിനും സംതൃപ്തിക്കും ഒക്കെ അടിസ്ഥാനമിടുന്ന, ജീവിതത്തിലെ സുപ്രധാന സംഭവങ്ങളിലൊന്നാണു വിവാഹം.

ഇതൊരു പരീക്ഷണമല്ല. നമ്മുടെ സംസ്കാരമനുസരിച്ചു നാലു ദിവസം പരീക്ഷിച്ചിട്ടു വെറുതെ വലിച്ചെറിയാവുന്നതല്ല ദാമ്പത്യം.

വിവാഹം നമുക്കു പരിപാവനമായ സ്ഥാപനമാണ്. പുരുഷനും സ്ത്രീയും മാത്രമാണ് ഇതിലെ പങ്കാളികൾ. മതാപിതാക്കളും സഹോദരീസഹോദരന്മാരും ബന്ധുക്കളും സുഹൃത്തുക്കളും ഒക്കെ സാക്ഷി നിന്നാലും അനുഭവങ്ങളുടെ മുന്തിരിച്ചാറോ, കയ്പുനീരോ കുടിക്കേണ്ടതു ഭാര്യയും ഭർത്താവും തനിച്ചാണ്.

ഇന്നത്തെ നമ്മുടെ ജീവിതചര്യയിൽ പ്രത്യേക വിദ്യാഭ്യാസമോ, യോഗ്യതകളോ കൂടാതെ ലഭ്യമാക്കാവുന്ന പദവിയാണു ഭർതൃത്വവും ഭാര്യാത്വവും. ഒരാൾ പുരുഷനും മറ്റേയാൾ സ്ത്രീയും ആയിരുന്നാൽ മതി അവർക്കു ഭാര്യാഭർത്താക്കന്മാരാകാം (പാശ്ചാത്യരാജ്യങ്ങളിൽ ഇന്ന് അതും ആവശ്യമില്ലെന്നായിരിക്കുന്നു).

എന്തിനു ഞാൻ വിവാഹം കഴിക്കുന്നു? ഞാൻ ശാരീരികമായും മാനസികമായും ആത്മികമായും വിവാഹത്തിനു യോഗ്യനാണോ? ഈ മൂന്നു തലത്തിലും വിവാഹത്തിനു ഞാൻ തയ്യാറായിട്ടുണ്ടോ? ഞാൻ ആരെ വിവാഹം കഴിക്കണം? എപ്പോൾ വിവാഹം കഴിക്കണം?

ഈ ചോദ്യങ്ങൾക്ക് കണ്ടെത്തുന്ന മറുപടികൾ ജീവൽപ്രധാനമാണ്. അത് ഭാവി ജീവിതത്തിന്റെ സുസ്ഥിരതയെ ബാധിക്കുന്നു.

എന്തിനുവേണ്ടി വിവാഹം കഴിക്കുന്നു? ലക്ഷ്യം പരമപ്രധാനമാണ്. കാരണം ലക്ഷ്യമാണല്ലോ മാർഗദർശനം നൽകുക.

ചിലർ കല്യാണം കഴിക്കുന്നതു പെണ്ണിനെയല്ല പണത്തെയാണ്. പണമാണ് എല്ലാറ്റിനും അടിസ്ഥാനമെന്നാണ് ചിന്ത. എനിക്ക് അറിയാവുന്ന രസകരമായ ഒരു സംഭവമുണ്ട്. ജോസഫ് മറിയാമ്മയെ വിവാഹം കഴിച്ചതു ചെറിയ ഒരു തുക സ്ത്രീധനം (50000രൂപ) വാങ്ങിക്കൊണ്ടാണ് (പേരുകൾ യഥാർഥമല്ല). അന്ന് അതിനുള്ള യോഗ്യതയും സമ്പത്തുമൊക്കെയേ ഉണ്ടായിരുന്നുള്ളു. അതിനുശേഷമാണു മറിയാമ്മയുടെ അപ്പൻ ബിസിനസ്സിൽ മെച്ചപ്പെട്ടത്. വർഷങ്ങൾക്കുശേഷം മറിയാമ്മയുടെ അനുജത്തി ശോശാമ്മയെ 500000 രൂപ സ്ത്രീധനം കൊടുത്തു വിവാഹം ചെയ്തയച്ചു. അന്നു ജോസഫ് ഒരു ഡിമാൻഡ് വച്ചു; തനിക്ക് 450000 രൂപ കൂടി കിട്ടണം. അമ്മയിയപ്പനോട് അതു വാങ്ങിവരാൻ അയാൾ ഭാര്യയെ നിർബന്ധിച്ചു. അവൾ പറഞ്ഞു: “സാധ്യമല്ല; നിങ്ങളുടെ യോഗ്യതയനുസരിച്ചു സ്ത്രീധനം അന്നു തന്നതാണ്.” പിന്നെ വഴക്കായി. അടി, ബഹളം.



ഭാര്യയെ നല്ല പാഠം പഠിപ്പിക്കാനെന്നുപറഞ്ഞ് അയാൾ മദ്യപിക്കാൻ തുടങ്ങി. പക്ഷേ മറിയാമ്മ തന്റെ നിലപാടിൽ ഉറച്ചുനിന്നതേയുള്ളു. മദ്യപിച്ചു ഭാര്യയോടു വഴക്കുണ്ടാക്കുമ്പോഴും തന്റെ പണം ചോർന്നു പോകുന്നു എന്ന ചിന്ത അയാളെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. ഒടുവിൽ അയാളുടെ അതുവരെയുള്ള സമ്പാദ്യം മുഴുവൻ മദ്യത്തിലൂടെ ഒഴുകിപ്പോയി. (മറിയാമ്മ ഇതൊക്കെ സഹിച്ചുനിന്നതേയുള്ളു). അപ്പോഴാണ് അയാൾക്കു ബോധ്യപ്പെട്ടത്, താൻ തെറ്റായ വഴിയേയാണു നീങ്ങിയതെന്ന്.

ചിലർ സൗന്ദര്യാരാധകരാണ്. സൗന്ദര്യം നോക്കി കല്യാണം കഴിക്കും. ഏതാനും വർഷങ്ങൾ കഴിയുമ്പോൾ പെണ്ണിന്റെ സൗന്ദര്യം കുറയുന്നതോടെ അവർ നിരാശരാകും. സുന്ദരമായ മറ്റു പൂക്കളെ തേടിപ്പോകും. കുടുംബത്തിൽ അസ്വസ്ഥതയും കലഹവും ഉണ്ടാവുകയും ചെയ്യും.

ജോണിനെ എനിക്കറിയാമായിരുന്നു. ആൾ പൊടി സുന്ദരനാണ്. കോളേജിലായിരുന്നപ്പോൾ പല സുന്ദരിമാരുടെയും പിറകെ നടന്നതാണ്. പഠനം നിർത്തി. ഒരു ജോലിക്കു പല വാതിലും മുട്ടി നിരാശനായപ്പോൾ ഒരു കല്യാണാലോചന വന്നു. പെണ്ണു കാനഡായിൽ നഴ്സാണ്. നല്ല ശമ്പളമുണ്ട്; പക്ഷേ, പെണ്ണ് അത്ര സുന്ദരിയല്ല. അവളെ വിവാഹം കഴിച്ചു കാനഡ പറ്റിയാൽ ജോലി കിട്ടും. ജീവിതം സുഖകരമാകും.

വിവാഹം നടന്നു. അടുത്ത ദിവസം തന്നെ പെണ്ണ് കാനഡയ്ക്കു വിമാനം കയറുകയും ചെയ്തു. ഏതാനും മാസങ്ങൾക്കുശേഷം ജോണും കാനഡയിലെത്തി. ആദ്യമൊക്കെ വീട്ടുകാവലായിരുന്നു പണി. പിന്നെയൊരു ചെറിയ ജോലികിട്ടി. പെട്ടെന്നു കാനഡയിലെ ഇന്ത്യക്കാരുടെ സമൂഹത്തിൽ ഒരാളായി മാറി ജോൺ. മറ്റു സ്ത്രീകളിൽ സൗന്ദര്യം കാണുമ്പോൾ ജോണിന്റെ മനസ്സു കുറ്റബോധത്താലും, സ്വന്തം ഭാര്യയുടെ സൗന്ദര്യക്കുറവിലുള്ള അപകർഷതാബോധത്താലും വേദനിച്ചു തുടങ്ങി. ആദ്യമൊക്കെ ആ വേദന മദ്യത്തിൽ കഴുകിക്കളയാൻ ശ്രമിച്ചു. പിന്നെ, സമീപസ്ഥ സൗന്ദര്യങ്ങളെ തേടിപ്പോകാൻ തുടങ്ങി. അപ്പോഴേക്കും ഭാര്യാഭർത്താക്കന്മാർ ഇടഞ്ഞു. വഴക്കായി, കലഹമായി. ജോൺ ഭാര്യയെ മർദിച്ചു. (മർദ്ദിച്ചാലുണ്ടോ സൗന്ദര്യം വർധിക്കുന്നു!) മർദനവും കലഹവും ദുസ്സഹമായപ്പോൾ അവൾക്കു ജോണിനോടൊപ്പം താമസിക്കാൻ വയ്യെന്നായി. അവർ വിവാഹബന്ധം വേർപെടുത്തി കാനഡയിൽ തന്നെ പാർക്കുന്നു.

ലൈംഗികസുഖം മാത്രമാണു ചിലരുടെ ലക്ഷ്യം. ദിവസങ്ങളും മാസങ്ങളും കഴിയുമ്പോൾ, പങ്കാളിയുടെ പുതുമ നഷ്ടപ്പെടുമ്പോൾ അവർക്കു പരാതിയായി – സുഖം പോരെന്ന തോന്നൽ. പിന്നെ സുഖം തേടി അവർ അലയുകയാണ്; പണവും മാനാഭിമാനങ്ങളും നഷ്ടപ്പെടുത്തി, കുടുംബത്തിൽ അസ്വസ്ഥതയും കലഹവും വിതച്ച്. ലൈംഗിക ജീവിതത്തെക്കുറിച്ചു പല തെറ്റായ ധാരണകളും വച്ചുപുലർത്തുന്നവരായിരിക്കും ഇക്കൂട്ടർ. ചിലപ്പോൾ വിവാഹത്തിനു മുമ്പ് ഇവർ ചില അനുഭവങ്ങളിലൂടെ കടന്നപോയിട്ടുണ്ടായിരിക്കും. ആ അനുഭവം പങ്കാളിയിൽ നിന്നു പ്രതീക്ഷിച്ചായിരിക്കും അവർ വിവാഹജീവിതത്തിലേക്കു കടന്നുവരിക. ആ രംഗത്തു പുതുമുഖമായ നവവധുവിന് അയാളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിഞ്ഞെന്നുവരില്ല. അതോടെ അയാൾ നിരാശനാകും. വീണ്ടും തന്റെ പഴയതാവളങ്ങളും വഴികളും തേടി അയാൾ പോവുകയും ചെയ്യും; പാവം പെണ്ണിനെ കണ്ണീരു കുടിപ്പിച്ചുകൊണ്ട്, വിവാഹജീവിതത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തിക്കൊണ്ട്, കുടുംബജീവിതം തകർത്തുകൊണ്ട്.

ഇത്തരമൊരു ജീവിതപശ്ചാത്തലം ചിലരെ മാനസികരോഗികളാക്കും. മൈക്കിൾ പല പൂക്കൾ തേടി നടന്ന ചെറുപ്പക്കാരനാണ്. ഈ യാത്ര കുടുംബത്തിന് അപമാനകാരമായ കഥകളുടെ ശൃംഖല സൃഷ്ടിച്ചപ്പോൾ, ആരോ ഉപദേശിച്ചു; “ചെറുക്കനെ പിടിച്ചു പെണ്ണുകെട്ടിച്ചാൽ മതി.” അങ്ങനെ മൈക്കിൾ വിവാഹിതനായി. സുന്ദരിയും വിദ്യാസമ്പന്നയുമായ ഒരു പെൺകുട്ടി. കളങ്കം തീണ്ടാത്ത നവവധു.

അവൾ കന്യകയല്ലെന്നു പറഞ്ഞ് ആദ്യരാത്രിയിൽതന്നെ അയാൾ അവളോടു വഴക്കുണ്ടാക്കി. പിന്നീട്, അവൾ അന്യപുരുഷനെ തേടുന്നു എന്നു പറഞ്ഞായി ലഹള. മദ്യപിച്ച് അവളെ ഭത്സിക്കുകയും അടിക്കുകയും ചെയ്തു. അവളാണെങ്കിൽ സ്വാഭാവദൂഷ്യമൊന്നുമില്ലാത്ത നിർമലയായ പെൺകുട്ടി. അടിയും വഴക്കും ശല്യവും മൂത്തപ്പോൾ അവൾക്ക് അയാളോടൊപ്പം ജീവിതം ദുസ്സഹമായി; അസാധ്യമായി. അവൾ ഭർതൃഗൃഹം വിട്ടു.

മൂക്കുകയറില്ലാത്ത, അസാന്മാർഗികമായ സ്വന്തം ജീവിതത്തിലെ ചെയ്തികളിൽ നിന്നുണ്ടായ കുറ്റബോധം അയാൾ പാവം പെണ്ണിന്റെമേൽ ആരോപണങ്ങളായി കെട്ടിവച്ചു സ്വയം നീതീകരിക്കുകയായിരുന്നു. ഇതൊരു മാനസിക രോഗമാണ്. ബിരുദധാരിണിയായ പെൺകുട്ടി ഇപ്പോൾ ഉന്നതവിദ്യാഭ്യാസം നടത്തുകയാണ്; തനിക്കു സ്വന്തമായി ഒരു ജീവതം കെട്ടിപ്പടുക്കാൻ.

ചിലർ സ്വഭാവദൂഷ്യം മാറ്റാൻ വിവാഹം കഴിപ്പിക്കുന്നു. വേറൊരു കൂട്ടർ രോഗം മാറ്റാൻ വിവാഹം കഴിപ്പിക്കുന്നു. ചില പെൺകുട്ടികളും ആൺകുട്ടികളുമുണ്ട്–മാനസികമായോ, ശാരീരികമായോ ചില വൈകല്യങ്ങളുള്ളവർ. അവിദഗ്ധരായ ആരെങ്കിലും ഒരുപദേശം നൽകും: “കല്ല്യാണം കഴിപ്പിച്ചാൽ മതി; രോഗം മാറും.”

ഈ വൈകല്യം മറച്ചുപിടിച്ചു വിവാഹം നടത്തുകയും ചെയ്യും. പക്ഷേ അതോടെ ഒരു നിരപരാധിയുടെ ജീവിതം തകർക്കുകയായിരിക്കും ഫലം. ഇത്തരം എത്രയെത്ര വഞ്ചനകളുടെ കഥകൾ എനിക്കറിയാം.

നാളുകൾക്കുമുമ്പു കോഴിക്കോടിനടുത്തു പയ്യടിമീത്തൽ ഗ്രാമത്തിൽ ഭീകരമായ ഒരു സന്ധ്യയിൽ സ്വന്തം കുഞ്ഞുങ്ങളെ വെട്ടിക്കൊന്ന വൽസലാമ്മയുടെ കഥ കേരളത്തെ നടുക്കി. വൽസലാമ്മ വിവാഹത്തിനു മുമ്പുതന്നെ മാനസികരോഗിയായിരുന്നു. വിവാഹം കഴിച്ചാൽ രോഗം മാറുമെന്ന് ആരോ ഉപദേശിച്ചതനുസരിച്ചാണു ബിസിനസ്സുകാരനായ ഗംഗാധരൻനായരെക്കൊണ്ട് അവളെ കല്ല്യാണം കഴിപ്പിച്ചത്.

അച്ഛനമ്മമാരുടെയോ ബന്ധുക്കളുടെയോ നിർബന്ധത്തിനു വഴങ്ങി അവരെ തൃപ്തിപ്പെടുത്താൻ വിവാഹം കഴിക്കുന്നവരും പങ്കാളിയുടെ ജീവിതം തകർക്കുകയാണ്

മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങി വിവാഹം കഴിക്കുന്നവർ ജീവിതത്തിൽ പ്രശ്നങ്ങൾ നേരിടുമ്പോൾ അവയെ അഭിമുഖീകരിക്കാനും ജീവിതത്തിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാനും അശക്തരായിരിക്കും. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ അവർ കല്യാണത്തിനു നിർബന്ധിച്ചവരുടെ തലയിൽ വച്ചുകെട്ടും. പരാജയങ്ങളുടെ കാരണം പങ്കാളിയിൽ ആരോപിക്കും. “എനിക്ക് ഇഷ്ടമില്ലാത്ത കല്യാണം എന്റെ തലയിൽ കെട്ടിവച്ചതുകൊണ്ടല്ലേ ഈ കുഴപ്പമെല്ലാം പറ്റിയത്?” എന്നു നിത്യം ചോദിച്ചുകൊണ്ടിരിക്കും. നല്ല സംസാരം അവരിൽനിന്നു വരില്ല. കുത്തും കോളും വച്ചേ സംസാരിക്കൂ. ഇത്തരക്കാരിൽ പലർക്കും വീടിനോട് ആത്മബന്ധം ഉണ്ടാവില്ല. വീട്ടിലെ ചുമതലകളൊന്നും വഹിക്കുകയില്ല.

തോമസ് കല്ല്യാണം കഴിച്ചു. ഭാര്യയെ സ്വന്തം വീട്ടിലാക്കിയിട്ട് അയാൾ ജോലിസ്ഥലത്തു പോയിരിക്കയാണ്. വീട്ടിലേക്ക് ഇടയ്ക്കിടയ്ക്കു വരുന്ന സ്വഭാവവും അയാൾക്കില്ല. ഭർത്താവിനു നേരിട്ട് എഴുത്തെഴുതാൻ ഭാര്യയ്ക്ക് അനുവാദമില്ല. കത്തെഴുതി ഭർത്താവിന്റെ ബന്ധുക്കളെ ഏല്പിക്കണം. അവർ വായിച്ചു നോക്കിയിട്ടു കുഴപ്പമില്ലെന്നു കണ്ടാൽ പോസ്റ്റു ചെയ്യും. ഒടുവിൽ അവൾ മടുത്തു. അവൾ വിവരം സ്വന്തം വീട്ടിലേക്കെഴുതി. അപ്പൻ വന്നു വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോന്നു. അവിടെനിന്ന് അവൾ ഭർത്താവിനു കത്തെഴുതി–തന്റെ പാരതന്ത്ര്യം വിവരിച്ചു. തന്നെ ജോലിസ്ഥലത്തേക്കു കൂട്ടിക്കൊണ്ടു പോകാൻ അപേക്ഷിച്ചു.

പക്ഷേ, അയാളുടെ മറുപടി എന്തായിരുന്നെന്നോ? “നീ എന്റെ വീട്ടിൽ അടങ്ങി ഒതുങ്ങി കഴിഞ്ഞോളണം. എന്റെ വൃദ്ധരായ അച്ഛനമ്മമാരെ ശുശ്രൂഷിക്കാൻ ഒരാളുണ്ടാകാനാണു ഞാൻ കല്യാണം കഴിച്ചത്. അതുകൊണ്ട് അവരെ നോക്കി മര്യാദയ്ക്കു കഴിഞ്ഞോളൂ.”

‘എല്ലാവരും പെണ്ണുകെട്ടി, മത്തായീം കെട്ടി’ എന്നതാണു ചിലരുടെ അനുഭവം. അവർക്കു വിവാഹത്തെക്കുറിച്ചു കാഴ്ചപ്പാടില്ല, ലക്ഷ്യമില്ല. വിവാഹം സമൂഹത്തിൽ ഒരാവശ്യവും ചടങ്ങുമാണ്. അതുകൊണ്ടു വിവാഹം കഴിക്കുന്നു. അത്രതന്നെ.

യഥാർഥത്തിൽ ക്രിയാത്മകമായ ഒരു കൂട്ടുജീവിതമാണു വിവാഹജീവിതം. ഇവിടെ കൂട്ടായ്മയുണ്ട്. സന്തോഷസന്താപങ്ങളുടെ പങ്കിടൽ ഉണ്ട്. പങ്കാളികൾ അന്യോന്യം കരുതുന്നു. സ്നേഹിക്കുന്നു. മനസ്സിലാക്കുന്നു. ക്ഷമിക്കുന്നു. സഹിക്കുന്നു. തെറ്റുകൾ മറക്കുന്നു. സ്വയം സന്തോഷിക്കയും പങ്കാളിയെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

ഈ ലക്ഷ്യങ്ങളെ ഭീഷണിപ്പെടുത്തുന്ന ചുറ്റുപാടുകളുണ്ട്. തകരാറിലാക്കുന്ന സാഹചര്യങ്ങളുണ്ട്. പക്ഷേ ധാരണാപൂർവമായ ക്രമീകരണങ്ങൾ മൂലം അവയെ നേരിടാം. പരിഹരിക്കാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വിശ്വാസം രക്ഷിക്കുമോ?

"അത് അവരുടെ വിശ്വാസമാണ്. നമ്മൾ അതിനെ തെറ്റെന്ന് പറയാൻ പാടില്ല. നമുക്കെന്തു കാര്യം മറ്റൊരാളുടെ വിശ്വാസത്തിൽ കൈകടത്താൻ". മത തീർത്ഥാടന കേന്ദ്രങ്ങളിലെ വിവിധ സാങ്കല്പിക ദൈവങ്ങളിൽ വിശ്വസിക്കുന്നവരെയും ക്രിസ്തുമതത്തിലെ വിശുദ്ധന്മാരിലൂടെ കാര്യസാദ്ധ്യം നടക്കുമെന്ന് കാണിച്ച് മനുഷ്യരെ ആകർഷിക്കുന്ന വ്യാജ ദൈവങ്ങളിലും വിശ്വസിക്കുന്നവരെയും, വെറുതെ വിട്ടേക്കുക എന്നാണ് ഒരു സാധാരണ പൗരന്റെ പ്രതികരണം. അതാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. മറ്റുള്ളവരുടെ വിശ്വാസത്തെ നാം എന്തിനു ചോദ്യം ചെയ്യണം. ഓരോരുത്തർ എന്തു വിശ്വസിക്കണമെന്നതു അവരവരുടെ സ്വതന്ത്ര്യമല്ലേ? നാം അവരെ കുറ്റപ്പെടുത്താൻ പാടില്ല. അവരുടെ വിശ്വാസം അവരെ രക്ഷിക്കുന്നുണ്ടായിരിക്കും. അതവർക്ക് ഗുണകരമെങ്കിൽ അവർ അങ്ങനെ പോകട്ടെ. തടഞ്ഞു നിർത്തുന്നത് എന്തിന്? അവിടെയും ഒരു ദൈവമല്ലേ പ്രവർത്തിക്കുന്നത്? പിന്നെ, നാം എന്തിനു തടസ്സപ്പെടുത്തണം? എല്ലാ മതങ്ങളും ഒന്നുതന്നേ എന്നു തെളിയിക്കാൻ അവർ പറയും - ആട്, പശു, എരുമ, കഴുത, കുതിര എല്ലാറ്റിന്റെയും പാലിന്റെ നിറം വെളുത്തതാണ്! ഏതു വഴി പോയാലും കറങ്ങിത്തിരിഞ്ഞാണെങ്കിലും എത്തേണ്ടിടത്ത് എത്തും! എല്ലാ നദികളും ഒഴുകി സമുദ്രത്തിൽ ചേരുന്നു! മുഹമ്മദിന്റെയോ ഹിന്ദുവിന്റെയോ ക്രിസ്ത്യാനിയുടെയോ ആരുടെ കടയിൽ നിന്ന് പരിപ്പ് വാങ്ങിയാലും പരിപ്പ് പരിപ്പ് തന്നെ! തൂണിലും തുരുമ്പിലും ദൈവം ഇരിക്കുന്നു - അതുകൊണ്ട് എല്ലാം ദൈവമാണ്! ഇങ്ങനെ പോകുന്നു മതങ്ങളെല്ലാം ഒന്നാണ് എന്ന് പറഞ്ഞു ഫലിപ്പിക്കാൻ ശ്രമിക്കുന്നവർ. ചെറിയ മനസ്സിലെ ചെറിയ വാദങ്ങളും ചെറിയ ചിന്തകളും മാത്രമാണിത്.

ഇതിന്റെ പിന്നിലെ അബദ്ധമോ, അപകടമോ മനസ്സിലാക്കുന്നില്ല, ചിന്തിക്കുന്നില്ല. ദൈവത്തെയും ചെകുത്താനെയും കണ്ടാൽ തിരിച്ചറിയാത്ത ഇക്കൂട്ടരെക്കുറിച്ച് എന്തുപറയാൻ! ഒന്നാമത്, ഈ വാദഗതികൾ ഉന്നയിക്കുന്നവർ നാസ്തികനോ, ക്രിസ്തേതരനോ, പള്ളി ക്രിസ്ത്യാനിയോ ആയിരിക്കാം. എന്തായാലും ഒന്നു തീർച്ചയാണ്. സത്യദൈവത്തെ ഇവർക്കറിയില്ല. യഥാർത്ഥ ആത്മീയത എന്തെന്ന് ഗ്രഹിച്ചിട്ടില്ല. ചില മതപരമായ ചടങ്ങുകൾക്ക് അപ്പുറം ക്രിസ്തീയത അവർക്ക് ജീവിത ശൈലിയിലില്ല. ജീവിത ലക്ഷ്യമില്ലാത്തവരും സ്വന്തം കാര്യം സിന്ദാബാദ് എന്ന മുദ്രാവാക്യവുമായി മുന്നോട്ടു പോകുന്നവരായിരിക്കും ഇവർ. ജീവിതത്തിൽ ദൈവവും ക്രിസ്തീയ ആത്മീയതയൊന്നും ഇവർക്ക് അത്യാവശ്യമല്ല. ഒരു ചടങ്ങിനു വേണ്ടിയോ ഇടയ്ക്കിടെയുള്ള ആശ്വാസത്തിനോ മാത്രം ദൈവത്തെ കൂട്ടുപിടിക്കും. വീണ്ടുംജനനമോ രക്ഷയുടെ സന്തോഷമോ ഇവർ അനുഭവിച്ചറിഞ്ഞിട്ടില്ല. മരണശേഷമുള്ള ന്യായവിധിയെക്കുറിച്ചോ നിത്യജീവനെക്കുറിച്ചോ അറിയാൻ മേലാത്ത ഇവർ ആത്മീയ ദാരിദ്ര്യത്തിൽ കഴിയുന്നവരാണ്.

അല്ലെങ്കിലും മറ്റുമതക്കാരെക്കുറിച്ച് കുറ്റംപറയുവാൻ നമുക്കെന്താ കാര്യം? നാമെന്താ അവരുടെ മതത്തെക്കുറിച്ചു പഠിച്ചോ? പഠിക്കാതെ എന്തിനു വിധിയെഴുതുന്നു? -ഒരാൾ ചോദിച്ചു. ഈ ചോദിച്ചയാൾ ഒരു പോസ്റ്റുഗ്രാജുവേറ്റാണ്. അദ്ദേഹം തിയോളജി പഠിച്ചില്ല, മതങ്ങളെപ്പറ്റി പഠിച്ചില്ല, ഫിലോസഫി പഠിച്ചില്ല. അദ്ദേഹത്തിന്റെ അറിവ് താൻ ഗ്രാജുവേറ്റ് ചെയ്ത വിഷയം മാത്രമാണ്. അദ്ദേഹം മറ്റു മതങ്ങളെക്കുറിച്ചു പഠിച്ചില്ലെന്നു കരുതി ലോകത്തിലുള്ള എല്ലാവരും അദ്ദേഹത്തെപ്പോലെയാണെന്നു കരുതിയാണ്, കുറ്റംപറയരുതെന്നു പറഞ്ഞത്. ഓരോ മതങ്ങളുടെയും അടിസ്ഥാന ഉപദേശം എന്താണെന്നു പഠിച്ചിട്ടുള്ളവർക്ക് അവരുടെ കണ്ടെത്തലുകൾ പറയുവാനുള്ള സ്വാതന്ത്ര്യം കൊടുക്കുക. പഠിക്കാത്തവർ മിണ്ടാതിരിക്കട്ടെ. അതല്ലേ ന്യായം?

മറ്റുള്ളവർ, അവർ ഏതു ദൈവത്തിൽ വിശ്വസിച്ചാലെന്താ നാം എന്തിനു ചോദ്യം ചെയ്യണം എന്ന സമീപനം പുലർത്തുന്ന ഇവരെക്കുറിച്ചു സഹതപിക്കാനേ കഴിയൂ. എന്നാൽ ഒരു സത്യവിശ്വാസിയെ സംബന്ധിച്ച് അങ്ങനെയല്ല. അവർ യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട സത്യദൈവത്തെ അറിഞ്ഞു, അനുഭവിച്ചു. പാപക്ഷമയും നിത്യജീവന്റെ അവകാശവും ലഭിച്ചു. അബ്ബാ പിതാവേ, എന്ന് വിളിപ്പാനുള്ള പുത്രത്വത്തിന്റെ പദവി ലഭിച്ചു. പദവി ലഭിച്ചതുകൊണ്ട് ഉത്തരവാദിത്വവും തങ്ങളിൽ ഉണ്ടായി-സത്യദൈവത്തെ അറിയാത്തവർക്ക് ആ ദൈവത്തെ കാണിച്ചു കൊടുക്കുക എന്ന ചുമതല. ദൈവത്തെ സ്നേഹിക്കുന്നവർ മറ്റുള്ളവനെയും സ്നേഹിക്കേണ്ടതാണെന്ന (മത്താ. 22:35-37), യാഥാർത്ഥ്യം അവൻ സ്വീകരിച്ചു. ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതരാകുന്നതുകൊണ്ട് തങ്ങൾക്കു ലഭിച്ച സന്തോഷവും പ്രത്യാശയും വിശ്വാസവും മറ്റുള്ളവരോട് പറയാതിരിക്കുന്നത് പാപമായിക്കരുതുന്നു. പാപി അവന്റെ പാപത്തിൽ മരിച്ചാൽ അവന്റെ രക്തം അവനോടു ചോദിക്കും എന്ന പ്രവാചകന്റെ ശബ്ദം അവനെ യാഥാർത്ഥ്യത്തോടു ആത്മാർത്ഥമായി പ്രതികരിക്കാൻ നിർബന്ധിതനാക്കുന്നു. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട മറ്റൊരു നാമവും ഇല്ലാതിരിക്കെ, അതു സത്യം തന്നെ എന്ന് ഏറ്റു പറയാതിരിക്കാൻ കഴിയാതെ വരുന്നു.

വിശുദ്ധ വേദപുസ്തകത്തിന്റെ ഉപദേശ പ്രകാരം ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ വിശുദ്ധന്മാർ എന്ന കുട്ടിദൈവങ്ങളായ ഒരു കൂട്ടർ ഇല്ല. അങ്ങനെ വിശുദ്ധരുടെ പേരിൽ കാട്ടിക്കൂട്ടുന്ന അല്ലെങ്കിൽ പറയപ്പെടുന്ന അത്ഭുതങ്ങളും അടയാളങ്ങളുമെല്ലാം അന്ധകാര ശക്തിയുടെ പ്രവർത്തനങ്ങളായേ കാണാൻ കഴിയൂ. ഈ വിശുദ്ധന്മാരിലും വിശുദ്ധമതികളിലും ആശ്രയിച്ച് കാര്യസാദ്ധ്യം നേടുന്നവർക്ക് യേശുകർത്താവിനോടോ, സുവിശേഷത്തോടോ താല്പര്യമില്ല. ദൈവമില്ലാതെ നശിക്കുന്ന ആത്മാക്കളെക്കുറിച്ച് (മനുഷ്യരെക്കുറിച്ച്) ആത്മഭാരമില്ല. അതുതന്നെ, തെളിയിക്കുന്നത് അത് വ്യാജ ആത്മീയതയും സാത്താന്റെ ചില ചെപ്പടിവിദ്യകളുമാണെന്നാണ്. പുണ്യസ്ഥലങ്ങളിലും പുണ്യവാന്മാരിലും ആശ്രയിക്കുന്നവർക്ക് എന്നും അസ്വസ്ഥതയും വേദനയുമേയുള്ളു. അവരുടെ ആത്മാവ് എപ്പോഴും ഞെരക്കത്തിലും ഞെരുക്കത്തിലുമാണ്. നിത്യതയെക്കുറിച്ചുള്ള പ്രത്യാശയോ ഉറപ്പോ ഇല്ല. സ്വാർത്ഥതയും വിദ്വേഷവും അവരുടെ കൂടെപ്പിറപ്പാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായിരുന്നെങ്കിൽ ആത്മാവിന്റെ ഫലങ്ങൾ (ഗലാത്യർ 5:22,23) ആ ജീവിതങ്ങളിൽ വിളങ്ങിയേനേ.

അതുകൊണ്ട് തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുന്നവരെയും പുണ്യവാളന്മാരിലും പുണ്യവാളത്തികളിലും ആശ്രയിക്കുന്നവർ അതിൽ നിന്ന് പിന്മാറി കർത്താവായ യേശുക്രിസ്തുവിലും അവന്റെ ക്രൂശിലും, ഉയിർത്തെഴുന്നേല്പിന്റെ ശക്തിയിലും ആശ്രയിക്കയും വിശ്വസിക്കയും ചെയ്യുന്നതിനായി പ്രാർത്ഥിക്കാം.

'അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കും' എന്ന് വേദപുസ്തകത്തിലില്ല. യേശുക്രിസ്തു അങ്ങനെ പഠിപ്പിച്ചിട്ടുമില്ല. താൻ ദൈവപുത്രനെന്നും തന്നിൽ വിശ്വസിക്കുന്നവർക്ക് രോഗസൗഖ്യവും പാപമോചനവും നിത്യജീവനും ലഭിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ട് തന്നിൽ വിശ്വസിച്ചവരെ നോക്കി കർത്താവു പറഞ്ഞു 'നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ'. എന്തിലും ഏതിലും വിശ്വസിക്കുന്നവരെയല്ല അവിടെ ഉദ്ദേശിച്ചത്.



# സുവിശേഷയോഗം ഒരു വിനോദ പരിപാടിയല്ല

ചില നാളുകളായി ദൈവസഭയിൽ നുഴഞ്ഞുകയറുന്ന ഒരു തിന്മയുണ്ട്. 'പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്ന നിലയിൽ ആ അസാരം പുളിമാവ്' പ്രവർത്തിച്ചുവരികയാണ്. ഈ കാര്യത്തിൽ പിശാച് സമർത്ഥമായ ഒരു ജോലിയാണു ചെയ്തിരിക്കുന്നത് - ആളുകളെ നേടുന്നതിനു വേണ്ടി അവർക്കു വിനോദങ്ങൾ ഒരുക്കേണ്ടതു സഭയുടെ ദൗത്യത്തിന്റെ ഭാഗമാണ് എന്ന കാഴ്ചപ്പാടാണ് ആ തിന്മ.

സഭ ക്രമേണ അതിന്റെ സാക്ഷ്യം മയപ്പെടുത്തി വരികയായിരുന്നു. തുടർന്നു കാലഘട്ടത്തിന്റെ ചില പുതുമകൾക്കു നേരെ അതു കണ്ണടയ്ക്കാൻ തുടങ്ങി. ക്രമേണ സഭ അതിന്റെ അതിർത്തികളിൽ അതിന് അനുവാദം കൊടുത്തു. ഇപ്പോൾ ആളുകളെ നേടേണ്ടേ? എന്ന ചിന്തയോടെ ഈ കാര്യങ്ങളെ സഭയ്ക്കുള്ളിലും അനുവദിക്കാൻ തുടങ്ങി.

എന്റെ ആദ്യത്തെ അഭിപ്രായം: ആളുകൾക്ക് അത്ഭുതം നൽകുന്നതു സഭയുടെ ചുമതലയാണെന്ന് തിരുവെഴുത്തിൽ ഒരിടത്തു പോലും പറഞ്ഞിട്ടില്ലെന്നതാണ്. അത് ഒരു ക്രിസ്തീയ പ്രവർത്തനം ആയിരുന്നെങ്കിൽ ക്രിസ്തു അതേപ്പറ്റി പറയാതിരുന്നതെന്തുകൊണ്ടാണ്? 'നിങ്ങൾ ഭൂലോകം എങ്ങും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിപ്പീൻ' (മർക്കോസ് 16:15) - എന്നു പറഞ്ഞതിനുശേഷം 'ആ സുവിശേഷം അവർക്ക് ആസ്വാദ്യമാകുന്നില്ലെങ്കിൽ അവർക്കു അത്ഭുതവും വിനോദവുംകൂടി നൽകുവിൻ' എന്ന് അവിടുന്നു കൂട്ടിച്ചേർത്തിരുന്നെങ്കിൽ സമ്മതിക്കാമായിരുന്നു. എന്നാൽ അങ്ങനെ പറഞ്ഞിട്ടില്ലല്ലോ. അത്തരം ഒരു കാര്യം അവിടുത്തെ മനസ്സിലൂടെ പോലും പോയിട്ടില്ല.

വീണ്ടും: 'അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും വേറെ ചിലരെ സുവിശേഷകന്മാരായും ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും ശുശ്രൂഷയ്ക്കായി നിയമിച്ചിരിക്കുന്നു" (എഫേസ്യ 4:11,12).

ഇവിടെ എവിടെയാണു വിനോദിപ്പിക്കുന്നവരുടെ സ്ഥാനം? പരിശുദ്ധാത്മാവ് ഈ കാര്യത്തിൽ നിശബ്ദനാണ്. ആളുകളെ വിനോദിപ്പിച്ചതിനാണോ പ്രവാചകന്മാർ പീഡിപ്പിക്കപ്പെട്ടതും നിരസിക്കപ്പെട്ടതും? സംഗീതപരിപാടിക്ക് എവിടെയെങ്കിലും രക്തസാക്ഷികളുണ്ടായോ?

വിനോദോപാധിയായി സുവിശേഷത്തെ മാറ്റുന്നതു ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും പഠിപ്പിക്കലുകൾക്കും ഉപദേശത്തിനും നേരെ എതിരല്ലേ? ലോകത്തെക്കുറിച്ചുള്ള സഭയുടെ മനോഭാവം എന്താണ്? "നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു" (മത്താ. 5:13). അല്ലാതെ ലോകത്തിന്റെ പഞ്ചാരമിഠായിയല്ല. ലോകം ഇറക്കാതെ തുപ്പിക്കളയുന്നതാകാം ആ ഉപ്പ്. ഹ്രസ്വവും മൂർച്ചയുള്ളതുമായിരുന്നു അവിടുത്തെ വാക്കുകൾ - "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ" (മത്താ. 8:22). അവിടുന്നു ഭയപ്പെടുത്തുന്ന വിധം സത്യസന്ധനായിരുന്നു.

വിനോദത്തിന്റെ സുവിശേഷത്തെ ന്യായീകരിക്കാൻ ലേഖനങ്ങൾ മുഴുവൻ തിരഞ്ഞാലും അതു നിഷ്ഫലമാണ്. അവയിലെ സന്ദേശം "പുറപ്പെട്ട് പോരുക, മാറിനില്ക്കുക, ശുദ്ധമാകുക" എന്നതായിരുന്നു. ആളുകളെ കബളിപ്പിക്കുന്നതൊന്നും അതിൽ നമുക്കുകണ്ടെത്താനാവുകയില്ല. ലേഖനകർത്താക്കൾക്ക് സുവിശേഷത്തിന്റെ ഫലപ്രാപ്തിയിൽ പൂർണവിശ്വാസം ഉണ്ടായിരുന്നു. മറ്റൊരായുധവും അവർക്കുണ്ടായിരുന്നില്ല. പത്രോസും യോഹന്നാനും പ്രസംഗിച്ചതുകൊണ്ടു തടവിലടയ്ക്കപ്പെട്ടു. സഭ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ പ്രാർത്ഥന "ദൈവമേ, ഞങ്ങൾ എത്ര സന്തുഷ്ടരാണെന്ന് ആളുകളെ കാണിക്കാൻ വേണ്ടി ഞങ്ങൾക്കു സന്തോഷം തോന്നുന്ന ചില വിനോദങ്ങൾ തരണമേ' എന്നായിരുന്നില്ല. ക്രിസ്തുവിനെ പ്രസംഗിക്കുന്നത് അവസാനിപ്പിക്കാതെ, പീഡനം മൂലം ചിതറിപ്പോയവർ ചെന്ന സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയായിരുന്നു. അവർ ലോകത്തെ കീഴ്മേൽ മറിച്ചു (അ.പ്ര. 17:6). അതായിരുന്നു വ്യത്യാസം! കർത്താവേ, എല്ലാ ജീർണതകളിൽനിന്നും പിശാച് അടിച്ചേല്പിക്കുന്ന എല്ലാ അസംബന്ധങ്ങളിൽ നിന്നും നിന്റെ സഭയെ ശുദ്ധമാക്കുക. അപ്പോസ്തലികമായ പ്രവർത്തനവിധത്തിലേക്ക് ഞങ്ങളെ നയിക്കേണമേ എന്ന് നാം ആത്മാർത്ഥമായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഇല്ല, വിനോദ ദൗത്യങ്ങൾ മാനസാന്തരം ഉളവാക്കുന്നില്ല. അത്ഭുതങ്ങളും അടയാളങ്ങളും സംഗീത കച്ചേരികളും ആളേക്കൂട്ടാൻ ഉപകരിക്കുമെങ്കിലും യാതൊരു വിനോദ ദൗത്യങ്ങളും മാനസാന്തരമുളവാക്കുന്നില്ലായെന്ന് നാം ഇനിയെങ്കിലും തിരിച്ചറിയണം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# നമ്മുടെ വിലയിരുത്തലുകൾ

പ്രസിദ്ധനായ നോവലിസ്റ്റും നാടകരചയിതാവും ചെറുകഥാകൃത്തുമായിരുന്നു ഫ്രഞ്ചുകാരനായ ബാൽസാക് (1799–1950). അദ്ദേഹത്തിന്റെ പിതാവായിരുന്ന ബർനാർഡ് ഫ്രാങ്കോ ജനിച്ചതു ഫ്രാൻസിന്റെ തെക്കുഭാഗത്തുള്ള ടാൺ എന്ന പ്രദേശത്തെ ഒരു ദരിദ്ര കുടുംബത്തിലായിരുന്നു. എന്നാൽ, ജീവിതത്തിൽ വിജയിക്കണമെന്നുള്ള മോഹം മൂലം അദ്ദേഹം പാരീസിലെത്തി ഒരു വക്കീലായി ജോലി തുടങ്ങി. മിടുക്കനായിരുന്ന അദ്ദേഹം സ്ഥിരപരിശ്രമം മൂലം രാജാവിന്റെ കൗൺസിലിന്റെ സെക്രട്ടറി പദത്തിൽ വരെ എത്തി.

ബാൽസാക് തന്റെ പിതാവിനെപ്പോലെ തന്നെ മിടുക്കനായിരുന്നു. അതുകൊണ്ടു തന്നെയായിരിക്കണം ബാല്യകാലത്ത് അദ്ദേഹം അധ്യാപകർക്കു പലപ്പോഴും തലവേദനയായിരുന്നത്. സ്കൂളിലെത്തുന്ന അവസരങ്ങളിലൊക്കെ എന്തെങ്കിലും കുസൃതികൾ കാണിക്കുക ബാൽസാക്കിന്റെ പതിവായിരുന്നു. എന്നാൽ, വായനയിൽ ബാൽസാക് മുൻപന്തിയിലായിരുന്നു. അങ്ങനെയാണു പാരീസിലെ പ്രസിദ്ധമായ സോർബോൺ സർവകലാശാലയിലെ പ്രഗത്ഭരായ പല പ്രൊഫസർമാരുടെയും കീഴിൽ പഠിക്കുവാൻ ബാൽസാക്കിനു ഭാഗ്യം ലഭിച്ചത്.



Page from a note-book in which Balzac recorded his projects and his thoughts. (Now in possession of M. Barbier.)

ഒരു എഴുത്തുകാരൻ എന്ന രീതിയിൽ വിജയമായിരുന്നെങ്കിലും സാമ്പത്തികമായി നേട്ടമുണ്ടാക്കുവാൻ ബാൽസാക്കിനു പലപ്പോഴും കഴിഞ്ഞിട്ടില്ല. തന്മൂലം പല രീതിയിലുള്ള ജോലികൾ ചെയ്യുവാൻ അദ്ദേഹം നിർബന്ധിതനായിട്ടുണ്ട്. ടോണി കാസിൽ എന്ന ഗ്രന്ഥകാരൻ പറയുന്നതനുസരിച്ചു മറ്റുള്ളവരുടെ കൈപ്പട നോക്കി അവരുടെ സ്വഭാവം വിലയിരുത്തുന്നതിൽ ബാൽസാക് വിദഗ്ദനായിരുന്നത്രെ.

ഒരിക്കൽ ഒരു സ്ത്രീ ഒരു നോട്ടുപുസ്തകത്തിന്റെ കുറെ പേജുകളുമായി ബാൽസാക്കിനെ സന്ദർശിക്കുവാനെത്തി. തന്റെ കൈവശമുണ്ടായിരുന്ന കടലാസുകൾ അദ്ദേഹത്തെ കാണിച്ച് അഭിപ്രായം അറിയുകയായിരുന്നു ആ സ്ത്രീയുടെ ലക്ഷ്യം. ബാൽസാക്ക് ആ സ്ത്രീയുടെ കൈവശമുണ്ടായിരുന്ന കടലാസുകൾ വാങ്ങി ശ്രദ്ധാപൂർവം പരിശോധിച്ചു. അതിനുശേഷം അദ്ദേഹം ആ സ്ത്രീയോടു ചോദിച്ചു: "ഇത് ഒരു ബാലന്റെ കൈപ്പടയാണ്. നിങ്ങൾ ഈ കുട്ടിയുടെ അമ്മയാണോ? ഉടനെ ആ സ്ത്രീ പറഞ്ഞു: "അല്ല". അപ്പോൾ ബാൽസാക് ചോദിച്ചു: "ഒരുപക്ഷേ, നിങ്ങളുടെ ബന്ധത്തിൽപ്പെട്ട ഏതെങ്കിലും കുട്ടിയായിരിക്കും, അല്ലേ? അപ്പോഴും "അല്ല" എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു.

"അങ്ങനെയെങ്കിൽ ഈ കുട്ടിയെക്കുറിച്ചുള്ള എന്റെ അഭിപ്രായം തുറന്നുപറയാം." ബാൽസാക് ആ സ്ത്രീയോടു പറഞ്ഞു. ഉടനെ ആ സ്ത്രീ മറുപടി എന്നവണ്ണം പറഞ്ഞു: "അതെ, ഈ കൈപ്പടയുടെ ഉടമസ്ഥനായ ബാലനെക്കുറിച്ച് അങ്ങേക്കുള്ള അഭിപ്രായം അറിയുവാനാണു ഞാൻ വന്നിരിക്കുന്നത്."

അപ്പോൾ അദ്ദേഹം പറഞ്ഞു "ഈ കൈപ്പടയുടെ ഉടമയായ ബാലൻ ഒരു മണ്ടനാണ്. അവൻ ജീവിതത്തിൽ ഒന്നും നേടുവാൻ പോകുന്നില്ല." ഉടനെ ഒരു പുഞ്ചിരിയോടെ ആ സ്ത്രീ പറഞ്ഞു: "സർ, ഈ കടലാസുകളിലെ അക്ഷരങ്ങൾ അങ്ങയുടേതു തന്നെയാണ്. അങ്ങു ബാലനായിരുന്നപ്പോൾ എഴുതിയ ഒരു നോട്ടുബുക്കിന്റെ ഭാഗമാണ് ഈ കടലാസുകൾ!"

ആ ബാലന്റെ കൈപ്പട നോക്കി അതു വിലയിരുത്തുന്നതിൽ ബാൽസാക്കിനു തെറ്റുപറ്റി എന്ന് ഒറ്റനോട്ടത്തിൽ നമുക്കു തോന്നാം. എന്നാൽ, സംഭവിച്ചത് അങ്ങനെയായിരുന്നോ? ബാൽസാക് ഒരു ബാലനായിരുന്നപ്പോൾ എല്ലാ വികൃതിത്തരവും അവനുണ്ടായിരുന്നത്രെ! മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, എല്ലാ ദിവസവും അവനെ ശിക്ഷിക്കേണ്ട ഗതികേടായിരുന്നു അവന്റെ അധ്യാപകർക്ക്. ഈ യാഥാർത്ഥ്യമായിരുന്നു ഒരു പക്ഷേ, കൈപ്പട വായിക്കുന്നതിൽ വിദഗ്ധനായിരുന്ന ബാൽസാക് തന്റെ മുൻപിലിരുന്ന കടലാസുകളിലെ കൈപ്പടയിൽ കണ്ടെത്തിയത്. പക്ഷേ, ആ കൈപ്പട തന്റേതാണെന്ന് അദ്ദേഹം മനസിലാക്കിയില്ലെന്നു മാത്രം.

ബാലനായ ബാൽസാക്കിന്റെ കൈപ്പട മോശമായിരുന്നതുപോലെ അവനും മോശമായിരുന്നു. ആ ബാലൻ വളർന്നു മിടുക്കനായിത്തീരുമെന്ന് അവന്റെ അധ്യാപകരിൽ പലരും കരുതിയിട്ടുണ്ടാവില്ല. എന്നാൽ, അവരെയൊക്കെ പിന്നീട് അത്ഭുതപ്പെടുത്തിക്കൊണ്ടു ബാൽസാക്ക് വലിയ പ്രതിഭാശാലിയായി മാറി. സാഹിത്യരംഗത്ത് അദ്ദേഹത്തിന്റെ പിന്നാലെ വന്ന പലരും വിവിധ രീതികളിൽ അദ്ദേഹത്തെ അനുകരിക്കുവാൻ വരെ ഇടയായി. അക്കൂട്ടത്തിൽ പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായ ഡോസ്റ്റേയെവ്സ്കിയും ഉൾപ്പെടുന്നു.

നാം പലപ്പോഴും മറ്റുള്ളവരെ വിലയിരുത്താറുണ്ട്. നമ്മുടെ വിലയിരുത്തലുകൾ അനുസരിച്ചു പലരും മരമണ്ടന്മാരും ജീവിതത്തിൽ വിജയിക്കുവാൻ സാധ്യതയില്ലാത്തവരുമാണ്. എന്നാൽ, അവരിൽ പലരും നമ്മെ അത്ഭുതപ്പെടുത്തിക്കൊണ്ടു ജീവിതത്തിൽ വൻവിജയങ്ങൾ നേടുന്നതു നാം പിന്നീടു കാണാറുണ്ട്. ഒരുപക്ഷേ, നമ്മിൽ ചിലരെങ്കിലും മറ്റുള്ളവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ജീവിതത്തിൽ വൻ വിജയങ്ങൾ നേടിയിട്ടുണ്ടാകാം. എങ്കിൽപോലും മറ്റുള്ളവരെ മനസിലാക്കുകയും വിലയിരുത്തുകയും ചെയ്യുന്ന കാര്യം വരുമ്പോൾ നാം അത്ര ശുഭാപ്തിവിശ്വാസികളല്ല.

മറ്റുള്ളവരെക്കുറിച്ചു നിഷേധാത്മകമായി വിലയിരുത്തുന്നതിൽ നാം തിടുക്കം കൂട്ടേണ്ട. അതിനുപകരം അവരിലുള്ള വിജയസാധ്യതകൾ നമുക്കു കാണാം. അവയെ നമുക്കു പ്രോത്സാഹിപ്പിക്കാം.



# വിധിക്കണ്ട വിവേചിക്കാമല്ലോ

മത്തായിയുടെ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ ആരെയും വിധിക്കരുത് എന്ന മുന്നറിയിപ്പു നൽകുമ്പോഴും ആടുകളുടെ വേഷത്തിൽ വരുന്ന കള്ളപ്രവാചകന്മാരെ വിവേചിച്ചറിയണമെന്ന് അവിടുന്നു നമുക്കു മുന്നറിയിപ്പു തരുന്നു (7:15). കൃത്യമായ ഉപദേശത്തെയാണ് ആടുകളുടെ വേഷം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു കള്ളപ്രവാചകൻ കൃത്യമായ ഉപദേശം പ്രസംഗിക്കുന്ന ആളായരിക്കാം. എന്നാൽ ഉള്ളിൽ അയാൾ ഒരു ചെന്നായ് ആയിരിക്കും. ചെന്നായുടെ താൽപര്യം ആടുകളുടെ മാംസരക്തങ്ങളിലാണ്... അതുപോലെ കള്ളപ്രവാചകന്മാരും സാധുക്കളായ വിശ്വാസികളെ തങ്ങളുടെ സ്വാർത്ഥത്തിനായി ഉപയോഗിച്ചു മുതലെടുക്കുന്നു. അയാളുടെ വാക്കുകൾ മാത്രം നാം ശ്രദ്ധിക്കുന്നുവെങ്കിൽ അയാൾ ഒരു ആടോ ഇടയനോ എന്നു തോന്നിപ്പോകും. എന്നാൽ സാമ്പത്തികമായോ മറ്റേതെങ്കിലും ലക്ഷ്യത്തോടു കൂടിയോ നിങ്ങളെ നിയന്ത്രിക്കുവാൻ ശ്രമിക്കുമ്പോൾ അയാൾ ഒരു ചെന്നായ് ആയി മാറുന്നു. അത്തരം ഒരു വ്യക്തി ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളുടെ ധനമോ അനുസരണമോ ലക്ഷ്യം വയ്ക്കുന്നവനായിരിക്കും.

നിർഭാഗ്യവശാൽ ഇന്ന് ആളുകൾ ഉപദേശങ്ങൾ തെറ്റായി പഠിപ്പിക്കുന്ന ഒരുവനെ ആണ് കള്ളപ്രവാചകൻ എന്ന് ധരിച്ചിരിക്കുന്നത്. എന്നാൽ കള്ളപ്രവാചകന്മാരെ അവരുടെ ഉപദേശത്തിൽ നിന്നല്ല, ശുശ്രൂഷയുടെ ഫലത്തിൽ നിന്നുമല്ല, അവരുടെ സ്വഭാവത്തിലെ ആത്മാവിന്റെ ഫലങ്ങളാൽ തിരിച്ചറിയണമെന്ന് യേശു പറഞ്ഞു (7:16). ഒരു ശുശ്രൂഷകന്റെ വരങ്ങളാൽ നാം വഞ്ചിതരാകരുത്. അത് എത്ര അത്ഭുതകരമായ പ്രകൃത്യാതീതമായ വരങ്ങൾ ആണെങ്കിൽ പോലും. നിങ്ങളോടുതന്നെ ചോദിക്കുക. അയാളിൽ ക്രിസ്തുവിന്റെ ആത്മാവ് ഉണ്ടോ? അയാൾ എളിമയുള്ള ഒരു സഹോദരൻ ആണോ? അയാൾ പണസ്നേഹത്തിൽ നിന്ന് മുക്തനാണോ? തന്റെ പ്രസംഗത്തിൽ വിശുദ്ധിക്കാണോ അയാൾ ഊന്നൽ നൽകുന്നത്? സ്ത്രീകളുമായുള്ള അയാളുടെ ബന്ധം നിർമ്മലമാണോ? ഇത്തരം കാര്യങ്ങളിൽകൂടെ കള്ളപ്രവാചകന്മാരെ നമുക്ക് തിരിച്ചറിയാം. കഴിഞ്ഞ അനേക വർഷങ്ങളായി ഇത്തരം കാര്യങ്ങളിൽകൂടെ ദൈവം എന്നെ വഞ്ചനയിൽനിന്ന് രക്ഷിക്കുന്നു. ക്രൈസ്തവലോകത്തിൽ അധികമാളും വഞ്ചിക്കപ്പെടുന്നതും അവർ ശുശ്രൂഷകരെ അളക്കുന്നതും അവരുടെ അത്ഭുതപ്രവർത്തികളാലാണ്.

ഗിരിപ്രഭാഷണത്തിൽ ഉടനീളം ആത്മാവിന്റെ ഫലങ്ങളെ കുറിച്ച് സംസാരിച്ചശേഷം അവസാനമായി ആത്മവരങ്ങളെ കുറിച്ച് യേശു പരാമർശിക്കുന്നു. കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ ഭൂതങ്ങളെപുറത്താക്കി, ഞങ്ങൾ നിന്റെ നാമത്തിൽ അത്ഭുതപ്രവൃത്തികളെ ചെയ്തു എന്നൊക്കെ പറഞ്ഞുകൊണ്ട് അന്ത്യനാളിൽ പലരും എന്റെ അടുക്കൽ വരുമെന്ന് യേശു പറഞ്ഞു (7:22). എന്നാൽ കർത്താവ് അവരോട് ഇങ്ങനെ മറുപടി പറയും: "നിങ്ങൾ എന്നെ വിട്ട് പോകുവിൻ. നിങ്ങൾ അധർമ്മത്തിൽ ആയിരുന്നു ജീവിച്ചത്." അവർ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. പക്ഷേ അവർ യേശുവിൽ നിന്ന് അകന്ന് നരകത്തിൽ അവസാനിച്ചു.

ഇന്ന് പതിനായിരക്കണക്കിന് ജനങ്ങളുടെ സാന്നിധ്യത്തിൽ രജതപ്രഭയിൽ ഉച്ചഭാഷിണികളുടെ ഘോഷത്തിൽ പ്രസംഗിക്കുകയും, അനേകർ സൗഖ്യം പ്രാപിക്കുകയും ചെയ്യുന്ന വലിയ ഒരു സുവിശേഷ യോഗത്തിൽ പ്രസംഗിക്കുന്ന ശുശ്രൂഷകനെ കാണുമ്പോൾ അത്തരം ഒരു വ്യക്തി ഒടുവിൽ നരകത്തിൽ അവസാനിക്കാൻ സാധ്യതയുണ്ടെന്ന യേശുവിന്റെ വാക്കുകൾ നിങ്ങളിൽ എത്ര പേർക്ക് ഓർമ്മിക്കാൻ കഴിയും. 99.9% വിശ്വാസികൾക്കും അത് കഴികയില്ലെന്ന് ഞാൻ വിചാരിക്കുന്നു. യേശുവിന്റെ വ്യക്തമായ ഒരു മുന്നറിയിപ്പിന് ശേഷവും അധികം വിശ്വാസികളും ശുശ്രൂഷകരെ വിലമതിക്കുന്നത് വരങ്ങളാൽ ആണ് സ്വഭാവത്താൽ അല്ല. നാം ഒരിക്കലും ഒരു വ്യക്തിയുടെ വരങ്ങളാൽ സ്വാധീനിക്കപ്പെടാൻ പാടില്ല.

കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ. നിരവധി വർഷങ്ങളായി ഈ കാര്യം ഞാൻ പ്രഘോഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ യേശു പറഞ്ഞ ഈ സത്യങ്ങളെ വിശ്വസിക്കുന്നവർ തുലോം വിരളമാണ്. അതിന്റെ കാരണം നമ്മുടെ അഹന്ത, യേശുവിന്റെ വചനത്തേക്കാൾ അധികം സ്വന്ത വിവേകത്തിൽ ആശ്രയിക്കാൻ ആണ് നമ്മെ പ്രേരിപ്പിക്കുന്നത്. "ദൈവം സത്യവാനും സകലമനുഷ്യരും ഭോഷ്കു പറയുന്നവരും" എന്നല്ലോ വചനം (റോമർ 3:4).

യേശു പറഞ്ഞതിന്റെ മറുവശം നമുക്കു ചിന്തിക്കാം. ന്യായവിധിനാളിൽ ഒരു വിശ്വാസി ഇങ്ങനെ പറയുന്നു, "കർത്താവേ, ഞാൻ നിന്റെ കൃപയാൽ രക്ഷ പ്രാപിച്ചു. നിന്റെ കൃപയാൽ ഞാൻ ഒരു ജയാളിയായി ജീവിച്ചു. പക്ഷേ എനിക്ക് ഒരിക്കൽപോലും ഒരു രോഗിയെ സൗഖ്യമാക്കാനോ, ഒരു ഭൂതത്തെ പുറത്താക്കാനോ കഴിഞ്ഞിട്ടില്ല." അങ്ങനെയെങ്കിൽ കർത്താവ് അവനോട് പറയുമോ. "അത്ഭുതം പ്രവർത്തിക്കാത്തവനേ എന്നെ വിട്ടുപോവുക" എന്ന്? ഒരിക്കലുമില്ല. അത് അസാധ്യം ആണ്.

ഫലങ്ങൾ കൂടാതെ വരങ്ങൾ മാത്രം ഉള്ളവനാണ് നിങ്ങൾ എങ്കിൽ നിങ്ങൾ നരകത്തിൽ എത്തുവാൻ സാധ്യതയുണ്ട്. എന്നാൽ വരങ്ങൾ കൂടാതെ ആത്മാവിൻ ഫലങ്ങൾ ഉള്ളവനാണ് എങ്കിൽ നിങ്ങൾ തീർച്ചയായും ദൈവരാജ്യത്തിൽ പ്രവേശിക്കതന്നെ ചെയ്യും. വലിയ വഞ്ചനയുടെ നാളുകളിൽ ആണ് നാം ജീവിക്കുന്നത്. അതുകൊണ്ട് നാം ശ്രദ്ധിക്കുന്ന പ്രസംഗകരെ നമുക്ക് വിവേചിക്കേണ്ടിയിരിക്കുന്നു.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***ബൈബിൾ ദൈവവചനമാണെന്ന് നിങ്ങൾ പറയുന്നു. അതായത് ദൈവം പറഞ്ഞ കാര്യങ്ങൾ. അതിൽ ഒരിടത്ത് ജീവനുള്ള കല്ലുകൾ എന്ന പ്രയോഗം കാണുവാൻ ഇടയായി. 1 പത്രോസ് 2:4, കല്ലുകൾക്ക് ജീവനില്ല എന്ന് നമുക്കറിയാം. അങ്ങനെയെങ്കിൽ ദൈവത്തിന് അബദ്ധം പറ്റിയെന്ന് പറയേണ്ടിയിരിക്കുന്നു. ജീവനുള്ള കല്ലുകൾ എന്ന വിഷയത്തിൽ നിങ്ങളുടേതായ ഒരു വ്യാഖ്യാനമല്ല, അക്ഷരികമായ ഒരു വിശദീകരണമാണ് ആവശ്യം. കല്ലുകൾക്ക് ജീവനുണ്ട് എന്ന വിഷയത്തിൽ വെറുതെ തർക്കിക്കാതെ ബൈബിളിലെ പുതിയ ഒരു തെറ്റായി ഇതിനെ അംഗീകരിക്കാൻ തയ്യാറുണ്ടോ?***

***എൻ. ഗിരീഷ്കുമാർ, കോളഭാഗം, തടിയൂർ, തിരുവല്ല***

കല്ലിനു ജീവനുണ്ടോ? എന്ത് മണ്ടൻ ചോദ്യമാ അല്ലേ? എങ്കിൽ അങ്ങനെ പറയാൻ വരട്ടെ. ജീവനുള്ള കല്ലുകളും ഉണ്ട്. റൊമാനിയൻ നഗരമായ കോസ്റ്റസ്റ്റിയിലാണ് ആരെയും അത്ഭുതപ്പെടുത്തുന്ന ജീവനുള്ള കല്ലുകളുള്ളത്. ചിലതരം കല്ലുകൾ വലുതാകുകയും എണ്ണം കൂടുകയും ചെയ്യാറുണ്ടത്രേ. ട്രോവന്റ്സ് എന്നാണ് ഈ ജീവനുള്ള കല്ലുകളുടെ പേര്.





ജീവനുള്ള കല്ലുകൾ

ട്രോവന്റുകളിൽ അടങ്ങിയിട്ടുള്ള പ്രത്യേക തരത്തിലുള്ള ധാതുപദാർത്ഥങ്ങളാകാം ഇവയുടെ വളർച്ചയ്ക്കു പിന്നിലെന്ന് ശാസ്ത്രജ്ഞർ പറയുന്നു. കല്ലിനുള്ളിലുള്ള പദാർത്ഥങ്ങളിൽ നനവു തട്ടുമ്പോൾ അവ പലതായി വിഘടിക്കുകയും ഉള്ളിൽ നിന്ന് പുറത്തേക്ക് ശക്തമായി തള്ളുകയും ചെയ്യും. ഇതിന്റെ ഫലമായി കല്ലുകൾ ക്രമേണ വലുതാകും. എന്നാൽ ഇവ ഒരു പ്രത്യേക സ്ഥലത്തു മാത്രം കാണപ്പെടുന്നതിന്റെ ദുരൂഹതയുടെ ചുരുളഴിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ ശാസ്ത്രജ്ഞർ.

2004-മുതൽ ട്രോവന്റ്സ് മ്യൂസിയം നാഷണൽ റിസർവ് എന്ന പേരിൽ റൊമാനിയയിൽ ഉണ്ട്. ഈ സ്ഥലം ഐക്യരാഷ്ട്രസഭയുടെ സംരക്ഷണത്തിലാണ്. റൊമാനിയയിലെ ഈ അത്ഭുതപ്രതിഭാസം കാണാൻ ധാരാളം ആളുകൾ എത്തുന്നുണ്ട്. വെള്ളം വീണാലാണ് ട്രോവന്റുകൾ വളരുന്നതെന്ന് പറഞ്ഞല്ലോ. ശക്തമായ മഴയേൽക്കുന്ന വലിയ ട്രോവന്റുകളിൽ നിന്നും കുഞ്ഞുകുഞ്ഞു പുതിയ കല്ലുകൾ ഉണ്ടായി വരുന്ന അത്ഭുതക്കാഴ്ചയും കാണാം. ഇങ്ങനെയുണ്ടാവുന്ന കുഞ്ഞുട്രോവന്റുകൾ വലിയവയിൽ നിന്നും വേർപെട്ട് സ്വതന്ത്രരായി വളരാൻ തുടങ്ങും.

ഒരു മരം മുറിച്ചാൽ അവയിൽ വൃത്താകൃതിയിൽ ചില അടയാളങ്ങൾ കാണാറില്ലേ? മരം എത്ര കാലം ജീവിച്ചു എന്ന് അറിയുന്നത് ഈ വാർഷിക വളയങ്ങൾ നോക്കിയാണ്.ട്രോവന്റ് എന്ന മാന്ത്രികക്കല്ലുകൾ മുറിച്ചാലും അത്തരത്തിലുള്ള വളയങ്ങൾ കാണാൻ പറ്റും. ട്രോവന്റുകളുടെ ആയുസ്സിന്റെ അടയാളമായി ഈ വളയങ്ങളെ കണക്കാക്കുന്നു.

കാലങ്ങളായി നടക്കുന്ന പ്രത്യേക പ്രവർത്തനങ്ങളിലൂടെയാണ് ഇത്തരത്തിലുള്ള മാറ്റങ്ങൾ നടക്കുന്നത് എന്ന് ശാസ്ത്രജ്ഞർ വിലയിരുത്തുന്നു. ആറ് ദശലക്ഷം വർഷങ്ങൾക്കുമുമ്പ് പ്രകൃതിയിൽ ഉണ്ടായ ഭൂകമ്പത്തിന്റെ ഫലമാണ് അസാധാരണത്വമുള്ള ഈ കല്ലുകളുടെ ഉത്ഭവത്തിനു പിന്നിലെന്നാണ് കരുതപ്പെടുന്നത്.

ഈ അത്ഭുതക്കല്ലുകൾക്ക് ട്രോവന്റ്സ് എന്ന പേര് കിട്ടിയത് എങ്ങനെയെന്നോ? sand stein konkretionen എന്ന ജർമൻ വാക്കിൽ നിന്നാണ്. സിമന്റ് സാൻഡ് എന്നാണ് ഇതിന്റെ അർത്ഥം.

***മെനേ മെനേ തെക്കേൽ ഊഫർ സീൻ എന്ന ലിഖിതവും അതിന് കൊടുത്തിരിക്കുന്ന വിശദീകരണവും തെറ്റാണെന്ന് എബ്രായ, അരാമ്യ ഭാഷകളിൽ സാമാന്യ ജ്ഞാനമുള്ള ആർക്കും മനസിലാകും. മെനേ എന്നൊരു പദമില്ല. ആ പദം ആവർത്തിച്ചു വന്നിരിക്കുന്നതും തെറ്റായിട്ടാണ്. ഊഫർസിൻ എന്ന പദത്തിലെ 'ഊ' എന്നത് ഒരു സമുച്ചയ പദമാണ്. സാധാരണയായി ഈ ഉപസർഗ്ഗം ഉപയോഗിക്കാറില്ല. ഇപ്രകാരം അർത്ഥശൂന്യമായ ഒരു പദപ്രയോഗം വേദപുസ്തകത്തിൽ എങ്ങനെ കടന്നുകൂടി എന്നതിന് എന്തെങ്കിലും ന്യായീകരണമുണ്ടോ.***

***ഫാ. ഷാജു ഈപ്പൻ, പൂവക്കണ്ടം, പൂമല, ഇടുക്കി***

മെനേ, മെനേ, തെക്കേൽ, ഊഫർസീൻ. ബേൽശസ്സർ രാജാവും തന്റെ പ്രഭുക്കന്മാരും വിരുന്നാസ്വദിച്ചിരിക്കെ കൊട്ടരഭിത്തിയുടെ വെള്ളപ്രതലത്തിൽ ദുർജ്ഞേയമായി അജ്ഞാത കൈവിരലുകളാൽ എഴുതപ്പെട്ട ലിഖിതം (ദാനി. 5:25). ബാബിലോണിലെ വിദ്വാന്മാർക്കു നിഗൂഢമായിരുന്ന ഈ ലിഖിതം ദാനിയേൽ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തു (വാ. 25-28). ബാബിലോണിൽ തൂക്കത്തെ ക്കുറിക്കുവാൻ ഉപയോഗിച്ചിരുന്ന പദങ്ങളാവാം ഈ ലിഖിതത്തിലെ പദങ്ങൾ. ഇവ ഇവിടെ അവരോഹണ ക്രമത്തിലുപയോഗിച്ചിരിക്കുന്നത് ബാബിലോണ്യൻ രാജാക്കന്മാരുടെ ക്രമാനുഗതമായ മൂല്യശോഷണത്തെ കുറിക്കാനാവാം. തൂക്കം എന്നർത്ഥമുള്ള മാനെ എന്ന എബ്രായ പദമാണ് അരാമ്യ ഭാഷയിലെ മെനേയുടെ സമാനാർത്ഥപദം. ഒരു മാനെ അഥവാ മിന അൻപത് ശേഖലിനു തുല്യം (യെഹെ. 45:12). തെക്കേൽ എന്നതിന് എബ്രായഭാഷയിൽ ശേക്കെൽ എന്നർത്ഥം. പർസീൻ ദ്വൈതരൂപമാണ്. പ്ര്സ് എന്ന ക്രിയാരൂപം രണ്ടായി വിഭജിക്കുന്നതിനെയാണു കുറിക്കുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പർസീൻ എന്നാൽ രണ്ട് അര ശേക്കൽ വീതം. ബാബിലോണിയൻ ഭരണാധികാരികളുടെ അധഃപതനത്തിന്റെ ചിത്രീകരണമാണ് പ്രസ്തുത പദങ്ങളുടെ ഉദ്ദേശ്യം എങ്കിൽ നെബുഖദ്നേസർ രാജാവ് മിനാ (50 ശേക്കൽ) യുടെ പ്രതിരൂപമാണ്; മെരോദാക്കാകട്ടെ ഒരു ശേക്കെലിന്റേയും, നേബോണിദസ്സും ബേൽശസ്സറും വെറും അരശേക്കലിന്റെ വീതം പ്രതീകങ്ങളും.



മെനേ എന്ന പദത്തിന്റെ ആവർത്തനം അബദ്ധവശാൽ വന്നതാകാനാണു സാദ്ധ്യത എന്നു കരുതുന്ന പണ്ഡിതന്മാരുണ്ട്. ആദ്യത്തെ മെനയുടെ കുത്തടയാളം (Pointing) വ്യത്യാസപ്പെടുത്തി 'അവൻ എണ്ണി/തൂക്കി നോക്കി' എന്നിങ്ങനെ പ്രസ്തുത ലിഖിതത്തെ വ്യാഖ്യാനിക്കുന്നവരുമുണ്ട്. ഇതാണു ശരിയെങ്കിൽ "അവൻ എണ്ണി നോക്കി; മിനാ, ശേക്കെൽ, അരശേക്കെലുകൾ" എന്നിങ്ങനെയാവും പ്രസ്തുത ലിഖിതം ഭാഷാന്തരം ചെയ്യാനാവുക.

ഊഫർസീൻ എന്ന പദത്തിലെ 'ഊ' എന്ന ഉപസർഗ്ഗം എബ്രായ ഭാഷയിലെ ഒരു സമുച്ചയപദമാണ് (Conjunction). ചില വ്യാഖ്യാതാക്കൾ ഈ ഉപസർഗ്ഗം വിട്ടുകളയാറുണ്ട്.




ഈ ലിഖിതത്തിലെ പദങ്ങൾക്ക് തിരുത്തലുകളും പരിഷ്ക്കാരങ്ങളും നിരവധി പണ്ഡിതന്മാർ നിർദ്ദേശിക്കുന്നുണ്ടെങ്കിലും എബ്രായ മസോററ്റിക് പാഠം അതേപടി അംഗീകരിക്കുകയാവും അഭികാമ്യം എന്ന് പ്രസിദ്ധ പഴയനിയമ പണ്ഡിതനായ എയ്സ്ഫെൽഡ്റ്റ് അഭിപ്രായപ്പെടുന്നു. നിലവിലുണ്ടായിരുന്ന ഒരു പഴഞ്ചൊല്ല് ദാനിയേൽ ഉപയോഗിച്ചതാവാം എന്നാണ് നിഗമനം. അപ്രകാരമായാൽ പ്രസ്തുത ലിഖിതത്തിലെ മൂന്നു പദങ്ങളും തൂക്കങ്ങളെയും സമസ്ഥാനീയമായ ആർത്ഥിക മൂല്യങ്ങളെയും സൂചിപ്പിക്കുന്നു. ബാബിലോണിയൻ രാജാക്കന്മാരുടെ സ്വഭാവഗുണമെന്ത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഈ ലിഖിതത്തിലുള്ളടങ്ങിയിട്ടുള്ളത്. ദൈവം അവരെ തൂക്കി നോക്കിയപ്പോൾ അവർ അനുക്രമമായി ധർമ്മഭ്രംശം (മൂല്യച്യുതി) സംഭവിച്ച നിലയിലായിരുന്നു. ബേൽശസ്സർ വളരെ തൂക്കക്കുറവുള്ളവനായി കാണപ്പെട്ടു.

***സഭയുടെ നേതൃത്വത്തിലേക്ക് സ്ത്രീകൾ വരുന്നത് വചനാനുസൃതമല്ലായെന്ന് വ്യക്തമായും ഖണ്ഡിതമായും തെളിയിക്കാൻ താങ്കൾക്ക് കഴിഞ്ഞു. കുളത്തൂപ്പുഴ ഷിബുവിന് മറുപടി പറയാൻ ആവാത്തവിധം താങ്കൾ കാര്യങ്ങൾ വ്യക്തമാക്കികഴിഞ്ഞു. എന്നാൽ വേദപുസ്തകത്തിൽ മാന്യ നായികമാർ എന്നൊരു വിഷയം ഉണ്ടല്ലോ (2 യോഹ. 2). നേതൃത്വത്തിലിരിക്കുന്നവരെക്കുറിച്ചാണല്ലോ ഇങ്ങനെ പറഞ്ഞിരിക്കുന്നത് ഇതു സംബന്ധിച്ച് എന്താണ് പറയാനുള്ളത്.***

***പാസ്റ്റർ പി. ജെ. ജെയിംസ്, എരുമപ്രാ, മൂന്നിലവ്, കോട്ടയം***

നായികമാർ അല്ല, മാന്യ നായികയാർ. എക്ലെക്റ്റേ കുറീയ എന്ന ഗ്രീക്ക്പദം മാന്യനായികയാർ എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത് (2 യോഹ. 2). എഫെസൊസ് പട്ടണത്തിലുള്ള ഒരു സമ്പന്നയായ ക്രിസ്തീയ വനിത. ആധുനിക പണ്ഡിതന്മാർ ഇതിനോട് യോജിക്കുന്നു. മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദങ്ങളിലൊന്ന് ഒരു സ്ത്രീയുടെ സംജ്ഞാനാമം ആണെന്നും അങ്ങനെയെങ്കിൽ അവളുടെ പേര് മാന്യ കുറീയ എന്നോ നായികയായ എക്ലെക്റ്റേ എന്നോ ആയിരിക്കണം. ഒരു സ്ത്രീയുടെ ഭവനത്തിൽ ഒരു സഭ മുഴുവനും കൂടുവാൻ പ്രയാസമില്ല. അതുകൊണ്ട് ഈ പദങ്ങൾ അതുപോലുള്ള ഒരു സ്ത്രീയെയും അവളുടെ ഭവനത്തിൽ കൂടിവരുന്ന സഭയെയും കുറിക്കുന്നു എന്ന് ചിന്തിക്കാം (2 യോഹ. 13).




# VEDABHIMANI

Annual Subscription Rs. 150/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st May 2014
Posted on 15th May 2014
Posted at R.M.S. Kayamkulam



## വേണ്ടത് മനസിന്റെ പരിവർത്തനം

**ലോ**കം പരിവർത്തനത്തിനു വേണ്ടി ദാഹിക്കുകയാണെന്നു അമൃതാനന്ദമയി. മനസിന്റെ പരിവർത്തനമാണു വേണ്ടത്. പീഡിപ്പിക്കപ്പെടുന്ന ബാല്യവും വഴിതെറ്റുന്ന യുവത്വവും ചവിട്ടിമെതിക്കപ്പെടുന്ന സ്ത്രീത്വവും അവഗണിക്കപ്പെടുന്ന വാർധക്യവും നമ്മുടെ ഹൃദയഭാരത്തെ വർധിപ്പിക്കുന്നു.

ലോകത്തിന് ഇന്നാവശ്യം സ്നേഹത്തിന്റെ ശക്തിയുൾക്കൊണ്ട ധീരൻമാരെയാണെന്ന് കൈമനം മഠത്തിൽ നടന്ന സത്സംഗത്തിൽ പ്രഭാഷണം നടത്തവേ അവർ പറഞ്ഞു.

ശാസ്ത്രവും സാങ്കേതികവിദ്യയും നമുക്ക് നൽകിയ നേട്ടങ്ങൾ ഏറെയുണ്ട്. എന്നാൽ ഹൃദയങ്ങൾ തമ്മിലുള്ള അകലം വർദ്ധിക്കുകയാണ്. മനുഷ്യബന്ധങ്ങളിലും മാറ്റങ്ങളും അകൽച്ചകളുമുണ്ടാകുന്നു. അടുത്തിരിക്കുന്നവരുടെ മുഖത്തുപോലും നോക്കാത്തവർ മണിക്കൂറുകളോളം ഫേസ്ബുക്കിൽ നോക്കിയിരിക്കുന്നു. നമ്മുടെ ചെയ്തികൾ നമ്മുടെ മൂല്യങ്ങൾക്ക് അനുയോജ്യമല്ലെങ്കിൽ അതു ചാർജില്ലാത്ത മൊബൈൽ ഫോൺ പോലെയാണ്. എല്ലാവർക്കും മുമ്പിൽ വലിയ ഗമയിൽ പൊക്കിക്കാണിക്കാം. എന്നാലതു കൊണ്ട് ഒരു ഉപയോഗവുമില്ല. മൂല്യങ്ങളാണ് നമ്മുടെ അടിത്തറ. ഈ അടിത്തറ ശക്തമല്ലെങ്കിൽ ജീവിതം തന്നെ ഉലഞ്ഞുപോകും.

ഇതുതന്നെയാണ് ഞങ്ങളും പറയുന്നത്. മാനസാന്തരമില്ലാത്തവർ ധാർമ്മിക മൂല്യങ്ങൾക്ക് വില കല്പിക്കുന്നില്ല. മാനസാന്തരം എന്നു പറയുമ്പോൾ തന്നെ പാപമാണ് അടിസ്ഥാന പ്രശ്നമെന്ന് വരുന്നു. ഈ പാപത്തിൽ നിന്ന് വിടുവിക്കുവാൻ മാനസാന്തര അനുഭവത്തിലേക്ക് മനുഷ്യനെ വഴി നടത്തുവാൻ ഒരാൾ മാത്രമേ ഈ ഭൂമിയിൽ അവതരിച്ചിട്ടുള്ളു. അത് കർത്താവായ യേശുക്രിസ്തു മാത്രമാണ്. പാപത്തിനു പരിഹാരം വരുത്തി മാനസാന്തര അനുഭവത്തിലൂടെ പുതിയ മനുഷ്യനെ രൂപപ്പെടുത്തുവാൻ യേശുവല്ലാതെ മറ്റാരും ഈ ഭൂമിയിൽ അവതരിച്ചിട്ടില്ല. അങ്ങനെ ഒരു അവകാശവാദം ആരും ഉന്നയിച്ചിട്ടുമില്ല. മാനസാന്തരത്തിലൂടെ പുതിയ സൃഷ്ടിയായി തീരുന്ന ഒരുവൻ യഥാർത്ഥ മനുഷ്യനായിതീരുന്നു. അതെ, ഒരു പരിവർത്തനത്തിനു വേണ്ടി ലോകം ദാഹിക്കുന്നു. അത് മനസ്സിന്റെ പരിവർത്തനമാണ്. അത് നൽകുവാൻ യേശുവിന് മാത്രമേ സാധിക്കൂ.

## കണ്ടതും കേട്ടതും

സുന്ദരിയും ശാലീനയുമായ യുവതി. ദിവസവും അവരുടെ ഓഫീസിലേക്കുള്ള യാത്രയ്ക്കിടെ ഒരു നോട്ടവും പുഞ്ചിരിയും കൈമാറിയിരുന്നു. പ്രായമായ രണ്ടു കുട്ടികളുടെ പിതാവായ അയാൾക്ക് അവളോട് വല്ലാത്ത ഒരു താൽപര്യം തോന്നി. അവളെ എങ്ങനെയും ആകർഷിക്കുക എന്ന വ്യഗ്രതയോടെ അയാൾ എന്നും ആകർഷകമായി ചമഞ്ഞൊരുങ്ങി. ദിവസങ്ങൾ കടന്നുപെയ്ക്കൊണ്ടിരിക്കെ ഒരു ദിവസം അവൾ അയാളെ വീട്ടിലേക്ക് ക്ഷണിച്ചു. ലഭിച്ച വിലാസത്തിൽ വീടുകണ്ടുപിടിച്ച് ആകാംക്ഷയോടെ കോളിംഗ്ബെല്ലിൽ വിരലമർത്തി കാത്തുനിന്നു. ഒരു നിമിഷത്തിനുള്ളിൽ അടഞ്ഞുകിടന്ന വാതിൽതുറന്നു. ചുണ്ടിൽ പതിവ് പുഞ്ചിരിയുമായി ഒക്കത്ത് ഒരു കുട്ടിയേയും പേറി അവൾ, പിറകിൽ നിന്ന ഭർത്താവിന് പരിചയപ്പെടുത്തി. അച്ചാച്ചാ ഇതാണ് ഞാൻ പറയാറുള്ള പഞ്ചാര പാസ്റ്റർ.



## ശക്തരാവാൻ

*നല്ല റോഡിലൂടെ വണ്ടി ഓടിക്കാൻ ഒരു പ്രയാസവുമില്ല.*
*ശാന്തമായ കടലിലൂടെ കപ്പൽ ഓടിക്കാനും പ്രയാസമില്ല.*
*തെളിഞ്ഞ ആകാശത്തിലൂടെ വിമാനം പറത്താനും പ്രയാസമില്ല.*
*പൊളിഞ്ഞ റോഡിലൂടെ വണ്ടി ഓടിക്കുമ്പോഴേ നല്ല ഡ്രൈവറായിത്തീരൂ.*
*കാറ്റും തിരയുമുള്ള കടലിലൂടെ കപ്പൽ ഓടിക്കുമ്പോഴേ നല്ല കപ്പിത്താനാവൂ.*
*ഇരുണ്ട മേഘങ്ങൾക്കിടയിലൂടെ വിമാനം പറത്തിയാലേ നല്ല പൈലറ്റാവൂ.*
*പ്രതിബന്ധങ്ങളെ നേരിടുമ്പോഴേ നാം ജീവിതത്തിൽ ശക്തരാവൂ.*

## വേദാഭിമാനി ഇനിയും സൗജന്യമായി ലഭിക്കയില്ല

പത്രകടലാസിനും അനുബന്ധ ഉൽപന്നങ്ങൾക്കും വലിയ വിലവർദ്ധനയാണ് സമീപകാലത്ത് ഉണ്ടായിരിക്കുന്നത്. അങ്ങനെ ഉത്പാദന-വിതരണ ചെലവിൽ വന്ന വൻ വർദ്ധനമൂലം വേദാഭിമാനി പത്രത്തിന് വരിസംഖ്യ ഏർപ്പെടുത്തുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് കഴിഞ്ഞ 14 വർഷമായി വേദാഭിമാനി ക്രൈസ്തവ വിജ്ഞാനപത്രം സൗജന്യമായി ലഭിച്ചിരുന്നവർ ദയവായി ശ്രദ്ധിക്കുക. 2014 മെയ് ലക്കത്തോടെ സൗജന്യ വിതരണം ഞങ്ങൾ അവസാനിപ്പിക്കുകയാണ്. വരിസംഖ്യ നൽകാത്തവർക്ക് ഇനി വേദാഭിമാനി ലഭിക്കുന്നതല്ല. തുടർന്നും വേദാഭിമാനി ലഭിക്കുവാൻ താൽപര്യപ്പെടുന്നുവെങ്കിൽ വരിസംഖ്യയായ 150 രൂപ ഉടൻ അയയ്ക്കുക. സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം വരിസംഖ്യ അയയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ: വേദാഭിമാനി വായിക്കാൻ താൽപര്യപ്പെടുന്നതിന്റെ കാരണവും തുടർന്നു ലഭിക്കേണ്ട വിലാസവും വ്യക്തമാക്കി കത്ത് അയയ്ക്കുക. വരിസംഖ്യയോ, വേദാഭിമാനി ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തോ അയയ്ക്കാത്ത ആർക്കും മേലിൽ വേദാഭിമാനി അയയ്ക്കുന്നതല്ല.




☺ മറ്റു മതങ്ങളിൽ ആത്മീയത തേടുന്നതിൽ എന്താണ് തെറ്റ്.

*ജേക്കബ് കുര്യൻ, വെളിയന്നൂർ, തൃശ്ശൂർ.*

☹ **ആത്മീയത തേടുന്നത് നല്ലതാണ്; ആത്മാവ് നഷ്ടപ്പെടാതെ നോക്കണം.**

☺ ആധുനിക യുഗത്തിൽ വിവാഹമോചനം വർദ്ധിച്ചുവരുന്നത് സംസ്ക്കാരമില്ലായ്മയല്ലേ.

*ജോയി പനവേലിൽ, ഇളമ്പൽ, കൊല്ലം.*

☹ **"യൂസ് & ത്രോ" ആണ് ഇപ്പോഴത്തെ ട്രെന്റ്.**

☺ ആയുസ്, ആരോഗ്യം, സമ്പത്ത്, സ്വസ്ഥത, സമാധാനം, സന്തോഷം ഇവയെല്ലാം ലഭിപ്പാൻ കടന്നുവരിക എന്നൊരു പരസ്യം കണ്ടു. ഇരുളിൽ വെളിച്ചം ഉദിച്ചതുപോലെ.

*ടി.സി.ജോൺ, പാളയം, തിരുവനന്തപുരം*

☹ **തട്ടിപ്പിന്റെ വെള്ളിവെളിച്ചത്തിലുള്ള തൊഴിലുറപ്പുകാരുടെ തിരുവാതിരകളിയാണത്.**

☺ സത്യത്തിൽ സമ്പത്തും അനുഗ്രഹവും പ്രസംഗിക്കുന്നവരുടെ ഉള്ളിലിരുപ്പ് എന്താണ്.

*ജോസ് മാത്യു, ഇരവിപേരൂർ, തിരുവല്ല.*

☹ **സത്യത്തിൽ ജീവിതം 'ജോയ്' ആയിപ്പോകണമെന്നേ അവർക്കുള്ളു. പക്ഷെ, നരകത്തിലെ കറിവേപ്പിലയാകാനാണു വിധി.**

☺ സമ്പത്തും സ്ഥാനമാനങ്ങളും ദൈവം വാഗ്ദാനം ചെയ്യാത്തത് എന്തുകൊണ്ട്.

*സി. ജെയദാസ്, വേഴുംമ്പ്ര, വടശ്ശേരിക്കര.*

☹ **അത് നല്ല മനുഷ്യരേയും ചീത്തയാക്കും.**

☺ ഒരു അനുഗ്രഹപ്രഭാഷകൻ പ്രസംഗമധ്യേ താങ്കളുടെ ചോദ്യങ്ങൾക്ക് മറുപടി പറയാതെ വിമർശിച്ചതിനെപ്പറ്റി.

*കെ.എം.ഫിലിപ്പ്, കടമ്പനാട്, പത്തനംതിട്ട.*

☹ **മറുപടിയില്ലാതെ വന്നാൽ മനോനില തെറ്റാം.**

☺ വിവരമുള്ളവർ പോലും അത്ഭുതത്തിന്റേയും അനുഗ്രഹങ്ങളുടെയും പിന്നാലെയാണ്. ഇതൊക്കെ തട്ടിപ്പാണെന്ന് ഇവർക്ക് മനസിലാകാത്തതെന്താ.

*ജേക്കബ് മലേപ്പറമ്പിൽ, കുടപ്പനക്കുന്ന്, പേരൂർക്കട*

☹ **നല്ല ബുദ്ധിയും ശ്രദ്ധയും വേണ്ട ഹൈടെക് പണിയെ നിസാരവത്ക്കരിക്കരുത്. മാമോൻ തീറ്റിപ്പോറ്റുന്ന ചാവേറുകളാണവർ**




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally